# വെറ്ററിനറി യൂണിവേഴ്സിറ്റി ഭൂമിയിലെ നിർമ്മാണങ്ങൾ ഗ്രീൻ ട്രിബ്യൂണൽ തടഞ്ഞു

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ പൂക്കോടുള്ള ഭൂമിയിലെ മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളും നിർത്തി വയ്ക്കാൻ ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിട്ടു. വയനാട് പ്രകൃതി സംരക്ഷണ സമിതി എം. സന്താനരാമൻ, എം.ആർ. ശിവകുമാർ എന്നീ അഡ്വക്കറ്റുമാർ മുഖാന്തിരം സമർപ്പിച്ച ഹർജിയിൽ എതിർകക്ഷികളുടെയും ഹർജിക്കാരുടെയും പ്രാരംഭവാദം കേട്ട ശേഷം പ്രഥമദൃഷ്ട്യാ കേസ്സുണ്ടെന്ന് കണ്ടെത്തിയാണ് ജസ്റ്റിസ് എം. ചോക്കലിംഗം വിദഗ്ദാംഗം ബി.എസ്. സജ്വാൽ എന്നിവർ ഉത്തരവ് പുറപ്പെടുവിച്ചത്. 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, 1971 ലെ കേരള ഫോറസ്റ്റ് വെസ്റ്റിംഗ് ആന്റ് അസൈമെന്റ് ആക്ട് എന്നിവ പ്രകാരം യൂണിവേഴ്സിറ്റിയുടെ കൈവശമുള്ള ഭൂമി റിസർവ്വ് വനമാണെന്നും അവിടെ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നിയമവിരുദ്ധമാണെന്നും ട്രിബ്യൂണൽ ഇടക്കാല ഉത്തരവിൽ വ്യക്തമാക്കി.

അടിമവേലയിൽ നിന്നും മോചിപ്പിക്കപ്പെട്ട പണിയ, അടിയ, വിഭാഗങ്ങളിൽപ്പെടുന്ന ആദിവാസികളെ മാത്രം പുനരധിവസിപ്പിക്കാൻ വേണ്ടിയാണ് കർക്കശമായ വ്യവസ്ഥകളോടെ 531 ഹെക്ടർ വനഭൂമി ഉപയോഗിക്കാൻ കേരളഗവൺമെന്റിന് കേന്ദ്രം അനുമതി നൽകിയത്. വനഭൂമിയായി തന്നെ നിലനിർത്തണമെന്ന് വ്യവസ്ഥ ഉണ്ടായിരുന്ന ഭൂമിക്ക് മാർക്കറ്റ് വില ഒഴിവാക്കിയിരുന്നു. ഇവിടെയാണ് പൂക്കോട് ഡയറിഫാം പ്രൊജക്ട് 1978ൽ ആരംഭിച്ചത്. 1998 ൽ ഡയറി ഫാം പിരിച്ചുവിടുകയും ഭൂമിയിൽ നിന്നും 100 ഏക്കർ വെറ്ററിനറി കോളേജിന് നൽകുകയും ചെയ്തു. കോളേജ് പിന്നീട് യൂണിവേഴ്സിറ്റിയാവുകയായിരുന്നു. ഭൂമികൈമാറ്റത്തിന് കേന്ദ്രസർക്കാരിന്റെ അനുമതി വാങ്ങിയിരുന്നില്ല.

വെറ്ററിനറി കോളേജിനോ യൂണിവേഴ്സിറ്റിക്കോ ഭൂമി കൈമാറിയതിനെയോ കെട്ടിടങ്ങൾ നിർമ്മിച്ചതിനെയോ പരിസ്ഥിതി പ്രവർത്തകർ എതിർത്തിരുന്നില്ല. ഭൂമിയിലെ കുന്നുകൾക്കും ചോലക്കാടുകൾക്കും നാശമുണ്ടാകില്ലെന്നാണ് പരിസ്ഥിതി പ്രവർത്തകർ കരുതിയിരിന്നത്. എന്നാൽ കേന്ദ്രസഹായത്തോടെ 100 കോടി രൂപ ചിലവിൽ ഇന്റർ നാഷണൽ സ്റ്റേഡിയം സ്വിമ്മിംഗ്പൂൾ, കോൺഫ്രൻസ് ഹാൾ, ഹെലിപ്പാട് തുടങ്ങിയവും കൂറ്റൻ കെട്ടിടങ്ങളും നിർമ്മിക്കാൻ വൻതോതിൽ കുന്നിടിച്ച് നിരത്താൻ തുടങ്ങിയപ്പോൾ പരിസ്ഥിതി സംഘടനകൾ വനംവകുപ്പിന് പരാതിനൽകി. പരാതിയെ തുടർന്ന് സൗത്ത് വയനാട് ഡി.എഫ്.ഒ. നിർമ്മാണം തടഞ്ഞെങ്കിലും വനംവകുപ്പിനെ മറികടന്ന് മുഖ്യമന്ത്രി നിർമ്മാണം തുടരുവാൻ അനുമതി നൽകുകയായിരുന്നു. ഇതേതുടർന്ന് കേന്ദ്ര വനം- പരിസ്ഥിതി വകുപ്പിലെ ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ സ്ഥലം സന്ദർശിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നിർത്തി വയക്കുവാൻ നിർദ്ദേശം നൽകിയെങ്കിലും യൂണിവേഴ്സിറ്റി അധികൃതർ ചെവിക്കൊണ്ടില്ല.

കബനി നദിയുടെ നിരവധി കൈവഴികളുടെ പ്രഭവകേന്ദ്രവും വയനാടിന്റെ ജലസുരക്ഷയുടെ ആണിക്കല്ലും അത്യധികം പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശവുമായ പൂക്കോട് വനഭൂമിയിലെ സകല നിർമ്മിതികളും പൊളിച്ചുമാറ്റി വനഭൂമി വീണ്ടെടുത്ത് സംരക്ഷിക്കാൻ കേന്ദ്ര – സംസ്ഥാനസർക്കാരുകൾക്ക് ഉത്തരവുനൽകണമെന്നാണ് ദേശീയ ഹരിത ട്രിബ്യൂണൽ മുമ്പാകെ പ്രകൃതിസംരക്ഷണ സമിതി ആവശ്യപ്പെട്ടിരിക്കുന്നത്.

കൃഷിവകുപ്പിന്റെ കൈവശത്തിൽ അമ്പലവയലിൽ 500ലധികം ഏക്കർഭൂമി വർഷങ്ങളായി ഒന്നും ചെയ്യാതെ കിടപ്പുണ്ട്. ഇവിടെയ്ക്കോ യുക്തമായ മറ്റിടത്തേക്കോ യൂണിവേഴ്സിറ്റി മാറ്റിസ്ഥാപിക്കാൻ സംസ്ഥാനസർക്കാർ തയ്യാറാകണമെന്ന് പ്രകൃതിസംരക്ഷമസമിതി പ്രസിഡണ്ട് എൻ. ബാദുഷ, സെക്രട്ടറി തോമസ്സ് അമ്പലവയൽ എന്നിവർ ആവശ്യപ്പെട്ടു.

26.12.2014

ബത്തേരി

എന്ന്,

എൻ. ബാദുഷ (പ്രസിഡണ്ട്, വയനാട് പ്രകൃതിസംരക്ഷണ സമിതി)

NB: ദേശീയ ഹരിത ട്രിബ്യൂണലിന്റെ വെബ്സൈറ്റിൽ ഉത്തരവിന്റെ പൂർണ്ണരൂപം പ്രസിദ്ധീകരിച്ചിട്ടുണ്ട്
(NGT Southernsone, Daily orders)

# വെച്ചൂർ പശു ഉയിർത്തെഴുന്നേൽപ്പിന്റെ
# രജതജൂബിലിയാഘോഷം

## പ്രൊഫ. ശോശാമ്മ ഐപ്പിനും
## സഹപ്രവർത്തകർക്കും അനുമോദനം



**23.03.2014 ഞായറാഴ്ച**

**സുൽത്താൻ ബത്തേരി ഡയറ്റ് ഹാളിൽ**

വയനാട് പ്രകൃതി സംരക്ഷണ സമിതി, സീറോ ബജറ്റ് നാച്വറൽ ഫാർമേഴ്സ് ഫോറം, സീക്ക് പയ്യന്നൂർ
മലബാർ നാച്വറൽ ഹിസ്റ്ററി സൊസൈറ്റി, നിലമ്പൂർ പ്രകൃതി
പഠനകേന്ദ്രം, ലോഹ്യ വിചാർ വേദി, കേരള നാച്വറൽ ഹിസ്റ്ററി സൊസൈറ്റി,
കോഴിക്കോട് പ്രകൃതി സംരക്ഷണ സമിതി

# വെച്ചൂർ പശു: ഉയിർത്തെഴുന്നേൽപിന്റെ രജതജൂബിലിയാഘോഷം

ഓരോ പ്രദേശത്തെയും മണ്ണിനും കാലാവസ്ഥയ്ക്കും ജനങ്ങളുടെ ആവശ്യങ്ങൾക്കും ഇണങ്ങുന്ന ധാരാളം നെൽവിത്തുകളുണ്ടായിരുന്നു. ഹരിതവിപ്ലവം വന്നപ്പോൾ, സങ്കരയിനം വിത്തുകളുടെ തള്ളിക്കയറ്റത്തിൽ നാടൻ നെല്ലിനങ്ങൾ വംശനാശമടഞ്ഞു. ഇന്ന് നാമതിൽ ദുഃഖിക്കുന്നു.

വളർത്തുമൃഗങ്ങളുടെ കാര്യത്തിലും ഇതുതന്നെ സംഭവിച്ചു. വർഷത്തിൽ 2,500 മില്ലിമീറ്ററിലധികം മഴ ലഭിക്കുന്ന, കുന്നുകളും കൊടുവരകളും താഴ്വരകളും ആത്തിക്കണ്ടങ്ങളടക്കമുള്ള വയലുകളും നിറഞ്ഞ കേരളത്തിൽ ധാരാളം ചെറിയ കന്നുകാലിയിനങ്ങളുണ്ടായിരുന്നു. ധവളവിപ്ലവത്തിനുവേണ്ടി വിദേശകാലികളെ ഇറക്കുമതി ചെയ്തപ്പോൾ നാടൻ കാലികൾ പലതും അന്യം നിന്നു. ഇൻഡോ-സ്വിസ്സ് പ്രൊജക്ട് സ്ഥാപിച്ച് വിദേശയിനങ്ങളെ പ്രോത്സാഹിപ്പിച്ച കേരള ഗവണമെന്റ്, നാടൻ വിത്തുകാളകളെ നിർത്തുന്നത് 1961-ലെ കേരളാ ലൈവ്സ്റ്റോക്ക് ആക്ടിലൂടെ നിരോധിച്ചു. മൃഗഡോക്ടർമാർ പോലീസിന്റെ സഹായത്തോടെ വീടുവീടാന്തരം കയറിയിറങ്ങി വിത്തുകാളകളുടെ വരിയുടച്ചു. നൂറ്റാണ്ടുകളായി തങ്ങൾക്കനുയോജ്യമായി മൃഗങ്ങളെ നിർദ്ധാരണം ചെയ്തെടുക്കുകയും അവയെ പരിപാലിക്കുകയും ചെയ്ത കർഷകരുടെ ജീവിക്കാനുള്ള മൗലികാവകാശമാണ് ഇവിടെ ധ്വംസിക്കപ്പെട്ടത്.

അന്നൊന്നും കോർപ്പറേറ്റ് താല്പര്യങ്ങൾക്ക് വേണ്ടി നടത്തിയ, ഈ കൊടുംപാതകങ്ങൾക്കെതിരെ സംഘടിതമായ ചെറുത്തുനിൽപ്പുണ്ടായില്ല. സൈലന്റ് വാലി സമരത്തിന്റെ വിജയത്തിനുശേഷം സ്ഥിതിഗതികൾ അല്പം മെച്ചപ്പെട്ടു. വന്യജീവികളുടെ നാശത്തോടൊപ്പം, വളർത്തുസസ്യങ്ങളുടേയും മൃഗങ്ങളുടേയും വൈവിധ്യശോഷണത്തെക്കുറിച്ചും പൊതുവെ ഒരു പുനർവിചിന്തനമുണ്ടായി. നഷ്ടപ്രായമായവയെ തിരിച്ചുപിടിക്കാൻ അനവധി ശ്രമങ്ങളുണ്ടായി. അങ്ങനെ വീണ്ടെടുക്കപ്പെട്ട ഏറ്റവും വലിയ നിധിയാണ് വെച്ചൂർ പശു.

തിരുവിതാംകൂറിലെ ജനങ്ങളുടെ ഓമനയായിരുന്നു വെച്ചൂർ പശു. ഔഷധഗുണമുള്ള പാലിന് വേണ്ടിയും ആത്തിക്കണ്ടങ്ങൾ ഉഴാൻ വേണ്ടിയും വെച്ചൂർ പശുക്കളെയും കാളകളെയും ധാരാളമായി പോറ്റിയിരുന്നു. വളരെക്കുറച്ച് ഭക്ഷണം മതി. രോഗപ്രതിരോധശക്തിയേറിയ വെച്ചൂർ കാലികൾക്ക് വിലകൂടിയ മരുന്നുകൾ വേണ്ട. തിരുവിതാംകൂറിന്റെ അഭിമാനമായിരുന്ന വെച്ചൂർ പശുവിനെപ്പറ്റി, ഒരു ബ്രീഡ് എന്ന നിലയിൽ ടി.കെ. വേലുപിള്ള തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ എടുത്തുപറയുന്നുണ്ട്.

അങ്ങനെയുള്ള വെച്ചൂർ പശുവിനേയും വികസനത്തിന്റെ കാപാലികന്മാർ വെറുതെ വിട്ടില്ല. അത് മിക്കവാറും വംശനാശമടഞ്ഞു. റവന്യൂ മന്ത്രിയായിരുന്നു ശ്രീമതി കെ.ആർ ഗൗരിയമ്മയുടെ നിർദ്ദേശപ്രകാരം വെച്ചൂർ പശുവിനെകണ്ടെത്താൻ കേരളാ അഗ്രികൾച്ചർ യൂണിവേഴ്സിറ്റി നിയോഗിച്ച പ്രൊഫസ്സർ സി.കെ. തോമസ് അങ്ങനെയൊരു പശുവേ ഇല്ലെന്ന് റിപ്പോർട്ട് ചെയ്തു. വെച്ചൂർ പശുവിന് വംശനാശം സംഭവിച്ചുവെന്ന് പ്രൊഫ. തോമസ്സ് വെറ്ററിനറി കൊളേജിലെ ഒരു ക്ലാസ്സിലും പ്രസ്താവിച്ചു. ഇത് കേട്ട പ്രകൃതിസ്നേഹികളായ ചില വിദ്യാർത്ഥികൾ വെച്ചൂർ പശുവിനെ അന്വേഷിച്ചിറങ്ങി. വ്യാപകമായ തിരച്ചിലിനുശേഷം അവർ കണ്ടെത്തി. അന്ന് മണ്ണൂത്തി വെറ്ററിനറി കോളേജിൽ ജനിതകവിഭാഗം മേധാവിയായിരുന്ന പ്രൊഫസ്സർ ശോശാമ്മ ഐപ്പ് വെച്ചൂർ പശുവിനെ സംരക്ഷിക്കാൻ മുന്നോട്ടുവന്നു. പ്രൊഫ. ശോശാമ്മയും വിദ്യാർത്ഥികളും കൂടി ഒൻപത് പശുക്കളെയും ഏതാനും കാളകളെയും കണ്ടെത്തി. എല്ലാം ശുദ്ധമായ വെച്ചൂർ ബ്രീഡ് ആയിരുന്നില്ല. ക്രമേണ ശാസ്ത്രീയമായ ജനിതകനിർദ്ധാരണത്തിലൂടെ മണ്ണൂത്തി വെറ്ററിനറി കോളേജിലെ വെച്ചൂർ പശുസംരക്ഷണകേന്ദ്രത്തിൽ നൂറുകണക്കിന് ശുദ്ധമായ വെച്ചൂർ പശുക്കളും കാളകളും ഉരുത്തിരിഞ്ഞു. കേന്ദ്ര കാർഷിക ഗവേഷണസമിതി (ഐ.സി.എ.ആർ.) വെച്ചൂർ സംരക്ഷണത്തിന് സാമ്പത്തിക സഹായം നൽകി.

1989 ജൂലൈ ഇരുപത്തിയാറിനാണ് ആദ്യത്തെ വെച്ചൂർ പശു വെറ്ററിനറി കോളേജിന്റെ പടി കടന്നത്. ഇന്ന് കേരളത്തിലാകെയായി രണ്ടായിരത്തോളം വെച്ചൂർ പശുക്കളും കാളകളുമുണ്ട്. ഇന്ത്യയിലെ മുപ്പതാമത്തെ തനത് കന്നുകാലി ഇനമായി (breed) വെച്ചൂർ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ലോകത്തിലെ ഏറ്റവും ചെറിയ കാലിയിനമായി വെച്ചൂർ ഗിന്നസ് ബുക്കിൽ ഇടം നേടിയിരിക്കുന്നു. വെച്ചൂർ പശുവിന്റെ പാലിന്റെ അസാധാരണമായ ഔഷധമൂല്യം ശാസ്ത്രീയപഠനങ്ങളിലൂടെ തെളിയിക്കപ്പെട്ടിരിക്കുന്നു. അഃിന്റെ രോഗപ്രതിരോധശക്തിയും വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

കേരളത്തിലെ പരിസ്ഥിതിരംഗത്തെ അപൂർവ്വം വിജയഗാഥകളിലൊന്നാണ് വെച്ചൂർ പശു. പ്രൊഫ. ശോശാമ്മ ഐപ്പാണ് അതിന്റെ രചയിതാവ്. കടുത്ത വെല്ലുവിളികൾ നേരിട്ടുകൊണ്ടാണ് അവരതിൽ വിജയം കണ്ടത്. ഒരുകൂട്ടം പൂർവ്വവിദ്യാർത്ഥികളും പരിസ്ഥിതിപ്രവർത്തകരും മാത്രമേ കൂട്ടിനുണ്ടായിരുന്നുള്ളൂ. കാർഷികഗവേഷണക്കശപിശ മുതൽ കോർപ്പറേറ്റ് താല്പര്യങ്ങൾ വരെ അവർക്കെതിരെ ഒന്നിച്ചണിനിരന്നു. മാതൃഭൂമിയും ഏഷ്യാനെറ്റും പോലെയുള്ള മാദ്ധ്യമങ്ങളും വന്ദനാശിവയെപ്പോലെയുള്ള പരിസ്ഥിതിത്താരങ്ങളും ശാസ്ത്രസാഹിത്യപരിഷത്തും വെറ്ററിനറി അസോസിയേഷൻ പോലുള്ള പ്രൊഫഷണൽ സംഘടനകളും ജീൻ കള്ളക്കടത്തുപോലുള്ള രാജ്യദ്രോഹക്കുറ്റം വരെ ആരോപിച്ച് അവരെ തകർക്കാൻ നോക്കി. ഇരുപതോളം വെച്ചൂർ പശുക്കളെ ചുമലിൽ വിഷം കുത്തിവെച്ച് കൊന്നു. അസാമാന്യമായ ധീരതയും സ്ഥൈര്യവും കൊണ്ടാണ് പ്രൊഫ. ശോശാമ്മ ഐപ്പ് വിജയിച്ചത്.

വിവാദം കൊണ്ട് ഒരു ഗുണമുണ്ടായി. വെച്ചൂർ പശുവും പ്രൊഫ. ശോശാമ്മ ഐപ്പും പ്രസിദ്ധരായി. ഈ പ്രസിദ്ധിയുടെ ഗുണം മറ്റ് നാടൻ ജൈവജാതികൾക്കും ലഭിച്ചു. നാടൻ ജൈവവൈവിധ്യസംരക്ഷണത്തിൽ ഇപ്പോൾ പുതിയൊരുന്മേഷം ദൃശ്യമാണ്. സുഭാഷ് പലേക്കറുടെ സീറോ ബജറ്റ് പ്രകൃതി കൃഷിയുടെ പ്രചാരത്തോടെ നാടൻ കന്നുകാലികൾക്ക് ആവശ്യക്കാർ വർദ്ധിച്ചിരിക്കുന്നു. വെച്ചൂർ പശുവിനെയും കാസർഗോഡ് പശുവിനേയും മറ്റും ഇനിയാർക്കും ഉന്മൂലനം ചെയ്യാൻ കഴിയില്ല.

എങ്കിലും നാം ജാഗരൂകരായിരിക്കണം. കോർപ്പറേറ്റ് താല്പര്യങ്ങൾ ഒരിക്കലും പിന്മാറുകയില്ല. പുതിയ അടവുകളുമായി അവർ മടങ്ങിവരും. കോർപ്പറേറ്റ് താല്പര്യങ്ങളുടെ പിണിയാളുകൾ സംരക്ഷണത്തെപ്പറ്റി സംസാരിച്ചാലും സൂക്ഷിക്കണം. ജൈവവൈവിധ്യസംരക്ഷണത്തിൽ ജനജാഗരണത്തിന് വേണ്ടിയാണ് കേരളത്തിലെ സമാനചിന്താഗതിക്കാരായ പരിസ്ഥിതി പ്രവർത്തകർ ചേർന്ന് വെച്ചൂർ പശുവിന്റെ ഉയിർത്തെഴുന്നേൽപിന്റെ രജതജൂബിലി ആഘോഷിക്കുന്നത്.

മാർച്ച് 23-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിമുതൽ സുൽത്താൻ ബത്തേരി ഡയറ്റ് ഹാളിൽ നടക്കുന്ന ജൈവവൈവിധ്യസെമിനാറിലും അനുമോദനച്ചടങ്ങിലും താങ്കൾ പങ്കാളിയാവണമെന്ന് അഭ്യർത്ഥിക്കുന്നു.

സംഘാടകസമിതിക്കുവേണ്ടി
എൻ. ബാദുഷ

# കാര്യപരിപാടികൾ

## സംരക്ഷണത്തിന്റെ 25 വർഷം – പോസ്റ്റർ ഫോട്ടോ പ്രദർശനം

| | | |
|---|---|---|
| **രാവിലെ 10.00 മണി** | : | **ജൈവവൈവിധ്യ കൺവെൻഷൻ** |
| പങ്കെടുക്കുന്നവർ | : | ഡോ. സി.പി.ഷാജി (വയനാടിന്റെ മത്സ്യ-ജൈവ വൈവിധ്യം) |
| | : | ഡോ. ജാഫർ പാലോട് (കേരളത്തിന്റെ ജൈവവൈവിധ്യം) |
| | : | ഡോ. അനിൽ സഖറിയ (കാലാവസ്ഥാ വ്യതിയാനവും ജൈവജാതി കളുടെ സംരക്ഷണത്തിന്റെ പ്രാധാന്യവും) |
| **ഉച്ചകഴിഞ്ഞ് 2.00 മണി** | | **അനുമോദനയോഗം** |
| അദ്ധ്യക്ഷൻ | : | ശ്രീ.ടി.പി. പത്മനാഭൻ മാസ്റ്റർ |
| **ഉദ്ഘാടനവും ഉപഹാരസമർപ്പണവും** | : | **ശ്രീ. പാണ്ഡുരംഗ ഹെഗ്ഡെ** |
| **വെച്ചൂർ സംരക്ഷണം** | : | **പ്രൊ. ശോശാമ്മ ഐപ്പ്** |
| | : | **ഡോ. കെ.സി. ജയൻ** |
| പ്രഭാഷണം | : | ശ്രീ. കുര്യൻ ജി, സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിങ് സ്റ്റേറ്റ് കോ-ഓർഡിനേറ്റർ (കൃഷിയും നാടൻ കന്നുകാലികളും) |
| ആശംസകൾ | : | ശ്രീ. ജയചന്ദ്രൻ (തമിഴ്നാട് ഗ്രീൻ മൂവ്മെന്റ്) |
| | : | ശ്രീ. ജയപ്രകാശ് (പ്രകൃതി പഠനകേന്ദ്രം, നിലമ്പൂർ) |
| | : | ശ്രീ. സത്യൻ മേപ്പയൂർ (M.N.H.S.) |
| | : | ശ്രീ. എൽ. നമശ്ശിവായൻ (K.N.H.S.) |
| | : | ശ്രീ. തോമസ്സ് അമ്പലവയൽ (വയനാട് പ്രകൃതിസംരക്ഷണസമിതി) |
| | : | ഡോ.ജയൻ ജോസഫ് (വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ്) |
| | : | ബാബു തോമസ് |
| | : | റ്റി.എ. ഗോപാലകൃഷ്ണൻ |
| നന്ദി | : | വി.എം. ഹരിദാസ് |

ഗ്രാമജ്യോതി ഫാർമേഴ്സ് ക്ലബ്ബ് കല്ലൂർ

നബാർഡ്

കേരള ഗ്രാമീൺ ബാങ്ക്

സംഘടിപ്പിച്ച

ഏകദിന ശിൽപ്പശാല

# വയനാട്ടിലെ വന്യജീവി - മനുഷ്യസംഘർഷം പ്രശ്നങ്ങളും പരിഹാരങ്ങളും

2014 ഫെബ്രുവരി 2 ഞായർ

സുൽത്താൻ ബത്തേരി

## പശ്ചാത്തലം

ജൈവവൈവിദ്ധ്യം പ്രാദേശിക ചിന്തകൾക്കപ്പുറം മനുഷ്യകുലത്തിന്റെ പൊതു സ്വത്താണ്. ഈ തലമുറക്കു മാത്രമല്ല, ഇനിവരുന്ന തലമുറകൾക്കും നമ്മെപ്പോലെ തന്നെ ഈ കാട്ടിലും വൈവിദ്ധ്യമാർന്ന ജീവജാലങ്ങളിലും അവകാശമുണ്ട്. ടെക്നോളജിയുടെയും സയൻസിന്റെയും പുരോഗതിയെ അടിസ്ഥാനമാക്കി, പുതിയ വസ്തുക്കൾ സൃഷ്ടിക്കാനും അതുപയോഗിച്ച് ജീവിത സാഹചര്യങ്ങളെ മാറ്റാനും മനുഷ്യന് കഴിയുമെങ്കിലും ജൈവവൈവിദ്ധ്യം മനുഷ്യന് പുനസൃഷ്ടിക്കാനാവില്ല. പുതിയ കാലത്തിന്റെ മനശാസ്ത്രംകൊണ്ട് കാടിനെയും അതിലെ ജീവജാലങ്ങളെയും അളക്കാനാവില്ല. ഓരോ ജീവിയും നിർവ്വഹിക്കുന്ന പാരിസ്ഥിതിക ധർമ്മങ്ങൾ നമ്മുടെ ചിന്തകൾക്കും പ്രയോഗങ്ങൾക്കും അപ്പുറത്ത് പ്രപഞ്ചത്തിന്റെ ആദ്യകാലത്തെ രൂപപ്പെടലും തുടർന്നിങ്ങോട്ടുള്ള വികാസവുമായി ദൃഢമായി കണ്ണി ചേർക്കപ്പെട്ടതാണ്. അതുകൊണ്ടുതന്നെ കേവല സാമ്പത്തിക മൂല്യവും നൈമിഷികമായ ആഗ്രഹ സാഫല്യത്തിനുള്ള വിഭവങ്ങളും ആയി മാത്രം കാടുകളെയും വന്യജീവികളെയും കാണുന്ന ശീലങ്ങളിൽ നിന്നും നാം പുറത്തു കടക്കേണ്ടതുണ്ട്.

തമിഴ്നാട്ടിലെ മുതുമലൈ, കർണ്ണാടകയിലെ നാഗർഹൊളെ ബന്ദിപ്പൂർ എന്നീ നാഷണൽ പാർക്കുകളുമായി അതിരുകൾ പങ്കിടുന്ന വയനാടൻ കാടുകൾ നീലഗിരി ജൈവ മേഖലയുടെ കണ്ണായ പ്രദേശവും ജൈവവൈവിദ്ധ്യ സമ്പന്നവുമാണ്. കാടും മനുഷ്യർ അധിവസിക്കുന്ന ഗ്രാമങ്ങളും ഇടകലർന്നു കിടക്കുന്ന അതിസങ്കീർണ്ണമായ ഭൂപരിസ്ഥിതി നിലനിൽക്കുന്ന ഇന്ത്യയിൽതന്നെ ഏറ്റവുമധികം മനുഷ്യ-വന്യജീവി സംഘർഷമുള്ള പ്രദേശം കൂടിയാണിത്. മൂന്നു പതിറ്റാണ്ടായി വനം-വന്യജീവി സംരക്ഷണത്തിൽ വലിയ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും വനംവകുപ്പുതന്നെ നൈസർഗ്ഗിക വനങ്ങൾ വെട്ടിത്തെളിച്ച് തേക്ക്, യൂക്കാലിപ്റ്റസ്, കുരുമുളക് സോഫ്റ്റ്വുഡ്ഡ് തുടങ്ങിയവയുടെ ഏകവിളത്തോട്ടങ്ങൾ ഉണ്ടാക്കിയതിനെ തുടർന്ന് ആവാസവ്യവസ്ഥയ്ക്കുണ്ടായ നാശത്തിനും കാടിന്നുണ്ടായ ശോഷണത്തിനും അതിരുകളില്ല. റിസർവ്വു വനങ്ങളുടെ സിംഹഭാഗവും തോട്ടങ്ങളായി വന്ധ്യമായിപ്പോയതാണ് വയനാട്ടിലെ വന്യജീവിപ്രശ്നത്തിന്റെ മൂലകാരണം. ഇതിനു മുഖ്യ ഉത്തരവാദി വനം വകുപ്പുമാത്രമാണ്.

കൃഷിയിടങ്ങളിൽ വന്യജീവികൾ ഇറങ്ങി നാശം വിതക്കുന്നത് അനുദിനം കൂടിക്കൂടി വരികയാണ്. രാജ്യത്തിന്റെ പൊതുസ്വത്തും അഭിമാനവുമായ വനവും വന്യജീവികളും സംരക്ഷിക്കപ്പെട്ടേ പറ്റൂ. എന്നാൽ കർഷകർ തങ്ങളുടെ ജീവിത സർവ്വസ്വവും നഷ്ടപ്പെടുത്തി എല്ലാം സഹിക്കണമെന്ന് വരുന്നതും ആശാസ്യമല്ല. ഇവയൊക്കെ സംരക്ഷിക്കാൻ കർഷകർ മാത്രം ത്യാഗം സഹിക്കണമെന്ന് പറയുന്നത് അനീതിയാണ്. കർഷകരുടെ ജീവസന്ധാരണത്തിന്നും കാർഷിക വിളകൾക്കും സുരക്ഷയുണ്ടായേ പറ്റൂ. വനംവകുപ്പിന്റെ പ്രതിരോധ പ്രവർത്തനങ്ങൾ അപര്യാപ്തമാ

ണ്. അവ ഏറെക്കുറെ പരാജയവുമാണ്. വൈദ്യുത കമ്പിവേലികൾ, കിടങ്ങുകൾ എന്നിവ പരാജയപ്പെടാൻ മുഖ്യകാരണം അഴിമതിയും കെടുകാര്യസ്ഥതയും ജനപങ്കാളിത്തത്തിന്റെ അഭാവവുമാണ്.

വയനാട്ടിൽ നിലനിൽക്കുന്ന മനുഷ്യ- വന്യജീവി സംഘർഷത്തിന് പാരിസ്ഥിതികമായ മറ്റുകാരണങ്ങൾ കൂടിയുണ്ട്. പ്രസിദ്ധ പരിസ്ഥിതി ശാസ്ത്രകാരനും ദീർഘകാലമായി വയനാട്ടിലെ കാടുകളെക്കുറിച്ച് പഠനങ്ങൾ നടത്തുകയും ചെയ്യുന്ന ഡോ. സതീഷ്ചന്ദ്രൻ നായർ അതു വ്യക്തമാക്കുന്നു. "നിലമ്പൂർ കോവിലകത്തിന്റെ സ്വകാര്യവനമായിരുന്ന ഗൂഡല്ലൂർ കാടുകളൊക്കെ ബ്രിട്ടീഷ്കാലത്തുതന്നെ നാണ്യവിളത്തോട്ടങ്ങളായി മാറ്റപ്പെടുകയോ വനം കൈയേറ്റത്താൽ പിന്നീട് കൃഷിഭൂമിയായി മാറ്റപ്പെടുകയോ ചെയ്തു. ഇതിന്നു വടക്ക് നീലഗിരിയുടെ മഴനിഴൽ പ്രദേശമാണ്. മുതുമല കടുവ സങ്കേതത്തിന്റെ ഒട്ടുമുക്കാൽ പ്രദേശവും ഇതിൽപെടും. ചുരുക്കത്തിൽ നൂൽപ്പുഴയും കണ്ണാരംപുഴയും കടമാൻ തോടും ഉത്ഭവിക്കുന്ന വയനാട് വന്യജീവി സങ്കേതത്തിലെ കാടുകൾ മാത്രമെ ആഹാരത്തിനും ദാഹജലത്തിനുമായി നവംബർ തുടങ്ങി ജൂൺവരെ നീളുന്ന മഴയില്ലാ മാസങ്ങളിൽ തമിഴ്നാട്ടിലും കർണ്ണാടകത്തിലുമായി ജീവിക്കുന്ന വന്യജീവികൾക്ക് അഭയമായുള്ളൂ. തുലാവർഷം വേണ്ടത്ര ലഭിക്കാത്ത മാസങ്ങളിൽ ഈ സാഹചര്യം കൂടുതൽ ഭീഷണമാകും."

ഈ പശ്ചാത്തലത്തിലാണ് കല്ലൂർ ഗ്രാമജ്യോതി ഫാർമേഴ്സ് ക്ലബ്ബ് ഒരു ശിൽപ്പശാല സംഘടിപ്പിച്ചത്. പ്രശ്നബാധിതരായ കർഷകർ, വിദഗ്ദർ, വനംവകുപ്പുദ്യോഗസ്ഥർ, ഗവേഷണ വിദ്യാർത്ഥികൾ, മുൻ വനംവകുപ്പുദ്യോഗസ്ഥർ പരിസ്ഥിതി പ്രവർത്തകർ, രാഷ്ട്രീയ പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരെയാണ് ശില്പശാലയിലേക്ക് ക്ഷണിച്ചത്. കർഷകരുടെ പൂർണ്ണമായ സാന്നിദ്ധ്യവും സഹകരണവുമുണ്ടായപ്പോൾ വനംവകുപ്പിലെ പ്രതിബദ്ധതയുള്ള ഏതാനും പേരൊഴിച്ച് ഭൂരിഭാഗം പേരും മാറിനിന്നു. ജനപ്രതിനിധികളിലും രാഷ്ട്രീയ നേതാക്കളിലും വളരെ കുറച്ചുപേർ മാത്രമെ പങ്കെടുത്തുള്ളൂ. ആറ് പഞ്ചായത്തു പ്രസിഡണ്ടുമാരെയും നാല് ജില്ലാ-ബ്ലോക്ക് പഞ്ചായത്തുമെമ്പർമാരെയും ക്ഷണിച്ചതിൽ ഒരാൾപോലും പങ്കെടുത്തില്ല. രാഷ്ട്രീയ നേതാക്കളിൽ ഒരാൾമാത്രം എത്തി. MLA യുടെ സാന്നിദ്ധ്യം മാത്രമാണ് ആശ്വാസകരമായത്. എങ്കിലും ശിൽപ്പശാല വൻവിജയമായിരുന്നു. ഇത്ര ഗൗരവതരവും, ആഴത്തിലുള്ളതും മുഴുവൻ കക്ഷികളും ഒന്നിച്ചിരുന്നതും വിലപ്പെട്ട നിർദ്ദേശങ്ങൾ ഉയർന്നുവന്നതും ആയ ഒരു ശിൽപ്പശാല വയനാട്ടിലെ എന്നല്ല കേരളത്തിൽ തന്നെ ഉണ്ടായിട്ടില്ല. വന്യജീവി വിദഗ്ദരായ ഡോ: പി.എസ്. ഈസ്സ (കെ.എഫ്.ആർ. ഐ) ഡോ: സുരേന്ദ്രവർമ്മ (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസ്സ് ബാംഗ്ലൂർ) ഡോ: അശോക്, ഭൂമിനാഥ് (WWF ചെന്നൈ) എന്നിവരുടെയും ഡി.എഫ്.ഒ. മാരായ ശ്രീ. എ. ഷാനവസ് (നോർത്ത് വയനാട്) ശ്രീ. സുനിൽകുമാർ (മുൻ വൈൽഡ് ലൈഫ് വാർഡൻ) റയ്ഞ്ചോഫീസർമാരായ രാധാകൃഷ്ണലാൽ, യൂസിഫ് എന്നിവരുടെയും വിരമിച്ച വനംവകുപ്പുദ്യോഗസ്ഥരായ ശ്രീ. പി.എം. സുരേഷ്, അബ്ദുൾ വഹാബ്,

ബി. കുഞ്ഞിരാമൻ എന്നിവരുടെയും ഉടനീളമുള്ള പങ്കാളിത്തം ശിൽപ്പശാലയെ സമ്പന്നമാക്കുന്നതിൽ വലിയ പങ്കുവഹിച്ചു. ചർച്ചയ്ക്ക് ആമുഖമായി പീച്ചി വനഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞനും പ്രമുഖ വനം- വന്യജീവി വിദഗ്ദനുമായ ഡോ. ഈസ്സ വിഷയമവതരിപ്പിച്ചു. കേരള ഗ്രാമീണബാങ്ക് റീജണൽ മാനേജർ ശ്രീ. എൻ ശശിധരൻ അദ്ധ്യക്ഷനായിരുന്നു.

## ആമുഖ പ്രഭാഷണം: ഡോ. പി.എസ്. ഈസ്സ

ആഗോളതലത്തിൽ വന്യജീവി സംരക്ഷണം നിരവധി വെല്ലുവിളികളെ നേരിടുകയാണ്. പ്രധാനമായും ചർച്ച ചെയ്യപ്പെടുന്നത് ആവാസ വ്യവസ്ഥയുടെ നഷ്ടവും ആവാസ വ്യവസ്ഥകൾ തുണ്ടുകളായിപ്പോകുന്ന പ്രശ്നങ്ങളും ആണ്. ഇതോടൊപ്പം തന്നെ വന്യജീവികളുമായി ബന്ധപ്പെട്ട നിയമപരമല്ലാത്ത നിരവധി പ്രശ്നങ്ങളും ദേശീയ- അന്തർദേശീയ തലത്തിൽ നടക്കുന്നുണ്ട്. സംരക്ഷണത്തിനുവേണ്ടി ആവാസ വ്യവസ്ഥകളെ സംരക്ഷിത പ്രദേശങ്ങളായി പ്രഖ്യാപിക്കുകയും, കർക്കശമായ നിയമങ്ങൾ കൊണ്ടുവരികയും ബോധവത്ക്കരണവും ജനപങ്കാളിത്തവും ഉറപ്പാക്കുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. സംരക്ഷണരംഗത്ത് വന്യജീവി ശാത്രജ്ഞരും വനപരിപാലകരും നേരിടുന്ന പ്രധാന വെല്ലുവിളി വന്യജീവികളും മനുഷ്യരുമായുള്ള സംഘർഷമാണ്. ഈ പ്രശ്നം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഓരോ പ്രദേശത്തുമുള്ള സ്ഥലവാസികൾക്ക് വ്യത്യസ്ത തീവ്രതയിൽ കണ്ടുവരുന്ന കാഴ്ചപ്പാടുകൾ ഉള്ളതുകൊണ്ട് തന്നെ അവരുടെ ഭാഗത്താണ് ഏറ്റവും കൂടുതൽ വന്യജീവി പ്രശ്നങ്ങൾ ഉള്ളത് എന്ന ധാരണ നിലവിൽ ഉണ്ടാവുന്നു.

കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല. വന്യജീവി സംഘർഷം വയനാട്ടിൽ തീവ്രമാണ് എന്ന് അഭിപ്രായപ്പെടുമ്പോഴും ഇതിന്റെ കാര്യാകാരണങ്ങൾ വിശദമായി ചർച്ചചെയ്യപ്പെടാറില്ല. വയനാട് ഏകദേശം പതിനായിരം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ബന്ദിപ്പൂരും മുതുമലയും നാഗർഹോളയും സത്യമംഗലവും നീലഗിരിയും ഉൾപ്പെടുന്ന ഒരു വലിയ ഭൂവിഭാഗത്തിന്റെ ഭാഗമാണ്. വയനാട്ടിൽ വന്യജീവികൾ കൃഷി നശിപ്പിക്കുന്നത് പുതുമയുള്ള കാര്യമല്ല എന്ന് ചരിത്ര പുസ്തകങ്ങളിലൂടെ കണ്ണോടിച്ചാൽ മനസ്സിലാകും. ആയിരത്തിതൊള്ളായിരത്തിന്റെ തുടക്കത്തിൽ തന്നെ വയനാട് ഏറുമാടങ്ങൾ നിരവധിയുള്ള പ്രദേശമാണെന്ന് അക്കാലത്ത് നിരീക്ഷണം നടത്തി എഴുതപ്പെട്ട പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പകൽ മുഴുവൻ കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ മുഴുകുകയും രാത്രി കാലങ്ങളിൽ ഏറുമാടങ്ങളിൽ താമസിച്ച് വന്യജീവികളിൽനിന്ന് കൃഷിയെ രക്ഷിക്കുകയും ചെയ്യുന്ന പതിവ് അന്ന് നിലവിലുണ്ടായിരുന്നു. ഈ സമീപനത്തിൽ കാതലായ മാറ്റങ്ങൾ പിന്നീടുണ്ടായി. ഈ മാറ്റം വന്യജീവികളിൽ നിന്നുള്ള പ്രശ്നങ്ങൾ വർദ്ധിച്ചു എന്ന ഒരു തോന്നലും ജനങ്ങളിൽ പൊതുവെ ഉണ്ടാകുവാൻ കാരണമായി. വയനാട് വന്യജീവി സംരക്ഷണ

കേന്ദ്രവും അതിനോട് അനുബന്ധിച്ച് കിടക്കുന്ന വനപ്രദേശവും നിരവധി മനുഷ്യ വാസം ഉള്ള പ്രദേശങ്ങൾ ആണ്. വന്യജീവി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിരവധി മാർഗ്ഗങ്ങൾ ഇവിടെ അവലംബിക്കുകയുണ്ടായി. കുറെ സ്ഥലങ്ങളിൽ സൗരോർജ്ജ വേലികളും സ്ഥാപിക്കുകയുണ്ടായി. ഇവ രണ്ടും നിലവിലുള്ള പ്രദേശങ്ങളും വയനാട്ടിൽ കാണാൻ കഴിയും. ഇവ ഒന്നും തന്നെ വിവിധ കാരണങ്ങളാൽ ഫലപ്രദമായില്ല എന്നതാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. ഇവയുടെ നിർമ്മാണവും പരിപാലനവും എല്ലാംതന്നെ സർക്കാരിന്റെ ചുമതലയാണ് എന്ന ധാരണ വന്നതോടെ നിത്യപരിപാലനം ആവശ്യമുള്ള ഇത്തരം പദ്ധതികൾ പരാജയപ്പെടുകയായിരുന്നു. ദേശീയ അന്തർ ദേശീയ തലത്തിൽ വന്യജീവി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിരവധി പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. കൃഷിയിടങ്ങളുടെ ചുറ്റും തേനീച്ചകളെ വളർത്തുക, മൃഗങ്ങൾ തൊട്ടാൽ ശബ്ദങ്ങൾ ഉണ്ടാക്കുന്ന ഇലക്ട്രോണിക് സംവിധാനങ്ങൾ സ്ഥാപിക്കുക, മുളക് കൊണ്ടുള്ള സംരക്ഷണ വലയങ്ങൾ തീർക്കുക തുടങ്ങി നിരവധി മാർഗ്ഗങ്ങൾ പരീക്ഷിക്കപ്പെടുകയുണ്ടായി. നിർഭാഗ്യവശാൽ ഇവയിൽ പലതും ചില സ്ഥലങ്ങളിൽ മാത്രമേ വിജയിച്ചുള്ളൂ. ഇവയുടെ ജയ - പരാജയങ്ങൾക്ക് നിരവധി കാരണങ്ങൾ പറയുവാനുണ്ട്. ആഗോള തലത്തിൽ വിജയപ്രദമായ ഒരേ ഒരു മാർഗ്ഗം കാവൽ ഏർപ്പെടുത്തുക എന്നതുതന്നെയാണ്. നിർഭാഗ്യവശാൽ കർഷകരുടെ സമീപനത്തിൽ വന്നമാറ്റം ഈ ശ്രമങ്ങൾക്ക് തിരിച്ചടിയായി. കൃഷിനാശം നേരിടുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നിലവിൽ വന്നതോടെ, ഈ നഷ്ടപരിഹാര പ്രക്രിയ കൂടുതൽ പണം നൽകികൊണ്ട് ശക്തമാക്കണം എന്ന ആവശ്യം ഉയർന്നു വന്നു. പക്ഷെ വന- വന്യജീവി സംരക്ഷണം സർക്കാരിന്റെ മാത്രം ബാധ്യതയാണെന്നും ഇവമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പരിഹരിക്കാനുള്ള ബാധ്യതയും സർക്കാരിനാണെന്നും ഉള്ള തെറ്റായ സന്ദേശം ഈ പദ്ധതി നൽകുകയുണ്ടായി. വന്യജീവികളും ജനങ്ങളും ഇഴുകി ചേർന്ന് ജീവിച്ചിരുന്ന ഒരു പ്രദേശത്ത് ജനങ്ങളുടെ സമീപനത്തിൽ വന്ന മാറ്റവും പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ തലത്തിൽ നടത്തിയ പദ്ധതികളും ഒന്നുംതന്നെ പ്രശ്നപരിഹാരത്തിലേക്ക് നയിച്ചില്ല. വനത്തിനുള്ളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുക എന്നതുതന്നെയാണ് ശാശ്വതമായ പരിഹാരം. ഇതിനുള്ള ശ്രമങ്ങൾ വനംവകുപ്പ് ചെയ്ത് വരുന്നുണ്ട്. വന്യജീവി പ്രശ്നങ്ങളിൽ നിന്നും ഒരുപരിധിവരെയെങ്കിലും രക്ഷനേടണം എന്നുണ്ടെങ്കിൽ ജനങ്ങളുടെ പങ്കാളിത്തം ഇക്കാര്യത്തിൽ അനിവാര്യമാണ്. കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുവാനായി സർക്കാർ ഖജനാവിൽനിന്നും കോടിക്കണക്കിന് രൂപ വർഷംതോറും ചിലവഴിക്കുന്നുണ്ട്. കൃഷി നഷ്ടപ്പെട്ടതിനുശേഷം നൽകുന്ന ഈ പ്രക്രിയക്കു പകരം കൃഷി നഷ്ടപ്പെടാതെ നോക്കുന്ന പദ്ധതികൾക്കാണ് നമ്മൾ മുൻതൂക്കം നൽകേണ്ടത്. കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം കാവൽ മാടങ്ങളിൽ കാവൽക്കാരെ നിയോഗിച്ചുകൊണ്ട് കർഷകർതന്നെ ഏറ്റെടുക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഈ കാവൽ

മാടങ്ങൾക്കും കാവൽക്കാർക്കും വരുന്ന ചിലവ് സർക്കാർ നൽകേണ്ടതാണ്. ഇത്തരം സഹായങ്ങൾ ലഭിക്കുന്ന കൃഷിയിടങ്ങളിൽ കൃഷിക്കു നാശമുണ്ടാകാതെ സംരക്ഷിക്കേണ്ട ബാധ്യത കർഷകർക്കുതന്നെ വന്നുചേരുന്നു. ഈ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ സർക്കാരിന്റെ ധനസഹായം ഉണ്ടാവുകയും ചെയ്യും. ഇത്തരം കൃഷിയിടങ്ങൾക്ക് നഷ്ടപരിഹാരം നൽകേണ്ടതുമില്ല. നിലവിൽ നഷ്ടപരിഹാരത്തിനായി നൽകുന്ന കോടികൾക്കു പകരം ചിലവ് ലക്ഷങ്ങൾക്കുള്ളിൽ ഒതുങ്ങുകയും നിരവധി ആളുകൾക്ക് തൊഴിൽ ദിനങ്ങൾ നൽകുവാനും സാധിക്കും. വയനാട്ടിലെ വന്യജീവി സംരക്ഷണത്തിന് തദ്ദേശവാസികൾ നിരവധി ത്യാഗങ്ങളിലൂടെ സംഭാവന നൽകുന്നുണ്ട്. ഈ സംഭാവന സർക്കാർ തലത്തിൽ അംഗീകരിക്കുകയും അതിനുവേണ്ടി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുകയും വേണം. അതിൽ പ്രധാനം തദ്ദേശവാസികളുടെ കൃഷിസംരക്ഷണം ആണ് എന്നത് ഓർക്കേണ്ടിയിരിക്കുന്നു. വനം- വന്യജീവി സംരക്ഷണത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നതോടൊപ്പം അവരുടെ സാമൂഹ്യ ഉന്നമനത്തിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും വേണം. ഇതിലൂടെ, ജനപങ്കാളിത്തത്തിലൂടെ മാത്രമേ വന്യജീവി സംരക്ഷണം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

## ഗ്രൂപ്പു ചർച്ചകൾ

ഡോ: ഈസ്സയുടെ ആമുഖ പ്രഭാഷണത്തിനുശേഷം മൂന്നു ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ ഗ്രൂപ്പും താഴെ പറയുന്ന കാര്യങ്ങൾ വിശദമായി ചർച്ചയ്ക്കു വിധേയമാക്കി. പിന്നീട് അവരുടെ ചർച്ചയുടെ വിശദവിവരങ്ങളും പരിഹാര നിർദ്ദേശങ്ങളും പൊതുവായി അവതരിപ്പിക്കപ്പെട്ടു. ഓരോ ഗ്രൂപ്പിലും മുപ്പതിലധികം പേരുണ്ടായിരുന്നു. അവതരണത്തിനുശേഷം ഡോ. അരുൺ സക്കറിയ, ഡോ. സുരേന്ദ്രവർമ്മ, ഡോ: അശോക്, ഭൂമിനാഥൻ , എ. ഷാനവാസ്, സുനിൽകുമാർ, അബ്ദുൾ വഹാബ് എന്നിവർ ചർച്ചയിലിടപെട്ട് നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

1. വന്യജീവികളുമായി സംഘർഷമുണ്ടാകുന്നതിന്റെ കാരണങ്ങൾ എന്തൊക്കെ? ഏതൊക്കെ മൃഗങ്ങളാണ് പ്രശ്നമുണ്ടാക്കുന്നത്?
2. നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ പര്യാപ്തമാണോ? അല്ലെങ്കിൽ എന്തുകൊണ്ട്?
3. പുതുതായി മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ ഏതെല്ലാമാണ്? അവയുടെ പ്രായോഗിക ക്ഷമതയെക്കുറിച്ചുള്ള അഭിപ്രായങ്ങളെന്തെല്ലാം?

മൂന്നു ഗ്രൂപ്പുകളും പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിലും കാരണങ്ങൾ കണ്ടെത്തുന്നതിലും ഏതാണ്ട് ഏകതാന സ്വഭാവം കാണിച്ചിരുന്നു. അതുകൊണ്ടു തന്നെ പൊതുവായ നിർദ്ദേശങ്ങളാണ് ഇവിടെ രേഖപ്പെടുത്തുന്നത്.

## കാരണങ്ങൾ

1. **വന്യജീവികളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു.** മുതുമലയിൽ നടത്തിയ പഠനങ്ങൾ ഇതു വ്യക്തമാക്കുന്നുണ്ട്. എന്നാൽ വന്യജീവികേന്ദ്രമടക്കമുള്ള വയനാടൻ കാടുകളിൽ ശാസ്ത്രീയമായ പഠനങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല. എങ്കിലും ഏറെക്കാലമായി കാടിനെ നിരീക്ഷിക്കുന്നവരും മുതിർന്ന കർഷകരും ഇക്കാര്യം തെളിവുസഹിതം ഉന്നയിക്കുന്നുണ്ട്. മനുഷ്യന് ഏറെ ശല്യം ചെയ്യുന്ന പന്നി, മാൻ എന്നിവയുടെ ക്രമാതീതമായ വർദ്ധനത്തിന് കുറുക്കനും ചെന്നായയും കാട്ടിൽനിന്നും അന്യംനിന്നുപോയതുകൊണ്ടാണെന്നും കൃഷിയിടങ്ങളിലെ കീടനാശിനി പ്രയോഗമാണ് ഇതിനുകാരണമെന്നും വിലയിരുത്തൽ ഉണ്ടായി. കുരങ്ങ്, മലയണ്ണാൻ എന്നിവയുടെ ശല്യത്തിനുകാരണം കാടുകൾ നന്നെ ശുഷ്ക്കമായിപ്പോയതാണ്.

2. **ആവാസ വ്യവസ്ഥയുടെ നാശം:** നിബിഡവും വന്യജീവികൾക്ക് തീറ്റയും കുടിവെള്ളവും സുലഭവുമായിരുന്ന കാടുകൾ മനുഷ്യരുടെ പലതരത്തിലുള്ള ഇടപെടൽകൊണ്ട് ശോഷിച്ച് ശുഷ്ക്കമായിക്കൊണ്ടിരിക്കുകയാണ്. ഇതിൽ മുഖ്യപങ്ക് വനംവകുപ്പിനുതന്നെയാണ്. കാരണങ്ങൾ ചുരുക്കി പറയാം.

   a) നൈസർജിക വനങ്ങൾ വെട്ടിനശിപ്പിച്ച് തേക്ക്, യൂക്കാലിപ്റ്റസ്, ചവോക്ക്, കുരുമുളക്, കാപ്പി തുടങ്ങിയ ഏകവിളത്തോട്ടങ്ങൾ വച്ചുപിടിപ്പിച്ചു.

   b) **കളച്ചെടികൾ:** കമ്മ്യൂണിസ്റ്റ് പച്ച, അരിപ്പൂ തുടങ്ങിയ കളച്ചെടികൾ കാടുകൾ കൈയടക്കി

   c) **വർഷാവർഷം പടർന്നുപിടിക്കുന്ന കാട്ടുതീ:** ഇത് അമൂല്യമായ ജൈവവൈവിദ്ധ്യത്തെ നക്കിത്തുടച്ചു. കൊണ്ടിരിക്കുകയാണ്. കാടിന്റെ ആരോഗ്യം ക്ഷയിച്ചു. വനപരിസരത്തെ ജനങ്ങളുടെ അജ്ഞതയും കാട്ടുതീക്ക് ആക്കംകൂട്ടി. അവരെ ബോധവൽക്കരിക്കാനോ അവരുടെ പിന്തുണയോടെ തീ നിയന്ത്രിക്കാനോ വനംവകുപ്പിന് കഴിഞ്ഞില്ല. ഇത് വനത്തിന്റെ ശോഷണം വർദ്ധിപ്പിച്ചു.

   d) **അനിയന്ത്രിതമായ കന്നുകാലി മേയ്ക്കൽ:** മുൻപും ഇത് കാടിന് വലിയ ക്ഷത മേൽപ്പിച്ചിട്ടുണ്ട്. എന്നാൽ വനത്തിനുള്ളിലും വനയോരങ്ങളിലും താമസിക്കുന്ന കർഷകരും ആദിവാസികളും വൻതോതിൽ ഇപ്പോൾ കന്നുകാലികളെ കാട്ടിൽ മേയ്ക്കുന്നില്ല. കാർഷികാവശ്യത്തിന് കന്നുകാലികളെ ഉപയോഗിക്കാത്തതും ജീവിത രീതിയിൽ വന്നമാറ്റവുമാണ് ഇതിനുകാരണം. എന്നാൽ വനപരിസരത്ത് കൂണുകൾപോലെ പോത്തുഫാമുകൾ മുളച്ചുപൊന്തുകയാണിപ്പോൾ. വയനാട് വന്യജീവി കേന്ദ്രത്തിൽ മാത്രം ഇരുപത്തിഅയ്യായിരത്തിലധികം കന്നുകാലികൾ മേയുന്നതിൽ അധികവും പോത്തുകളാണ്. ഈ പോത്തുകൂട്ടങ്ങൾ വന്യമൃഗങ്ങൾ മേയേണ്ട ഉൾക്കാടുകളിലെ പുല്ലും പച്ചപ്പും തിന്ന് മുടിച്ചുകൊണ്ടിരിക്കുകയാണ്. വയനാടൻ കാടുകൾ

ഇപ്പോൾ നേരിടുന്ന പ്രധാന ഭീഷണി കാട്ടുതീയും കന്നുകാലി മേയ്ക്കലു മാണ്.

e) **സ്വാഭാവിക വനങ്ങളുടെ ശോഷണവും മുളങ്കൂട്ടങ്ങളുടെ നാശവും:** മുളങ്കൂട്ടങ്ങൾ വ്യാപകമായി പൂത്തുണങ്ങിയത് വന്യജീവികളുടെ തീറ്റയിൽ കാര്യമായി കുറവു ഉണ്ടാക്കിയിരിക്കുന്നു. തീറ്റയും വെള്ളവും കാടിന്റെ ആർദ്രതയും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

3. കാട്ടിൽ വെള്ളവും തീറ്റയും സ്വസ്ഥതയും നഷ്ടമാകുമ്പോൾ വന്യജീവികൾ അടുത്തുള്ള കൃഷിയിടങ്ങളിലേക്കിറങ്ങുന്നു. ചക്ക, മാങ്ങ തുടങ്ങിയ പഴങ്ങളും നെല്ല് തുടങ്ങിയ ധാന്യങ്ങളും തിന്നുശീലിച്ച ആനയും മാനുമൊക്കെ വീണ്ടുംവീണ്ടും കൃഷിയിടങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നു. നെല്ലുപൂക്കുന്ന മണം വളരെ അകലത്തുനിന്നും ആനകളെ ആകർഷിക്കുമെന്ന് തെളിഞ്ഞിട്ടുണ്ട്.

4. കാടിന്നുള്ളിൽ നിരവധി ജനവാസ കേന്ദ്രങ്ങൾ പരമ്പരാഗതമായി നിലനിൽക്കുന്നുണ്ട്. അവിടെയൊക്കെ വൻജനസംഖ്യാവർദ്ധനവുണ്ടായിട്ടുണ്ട്. വയനാട് വന്യജീവി സങ്കേതത്തിൽ മാത്രം 110 സെറ്റിൽമെന്റുകളിലായി പതിനൊന്നായിരം ജനങ്ങൾ താമസിക്കുന്നുണ്ട്. ഇവിടെ താമസിക്കുന്നവരും കന്നുകാലികളും ഉൾക്കാടുകളിൽവരെ വന്യജീവികൾക്ക് സ്വൈര്യവിഹാരത്തിന് ഭംഗമുണ്ടാക്കുന്നുമുണ്ട്.

5. റോഡുകളുടെയും കൃഷിയിടങ്ങളുടെയും കടന്നുകയറ്റംമൂലം കാടിന്റെ തുടർച്ച നഷ്ടപ്പെട്ടിരിക്കുന്നു. ആന പ്രതിരോധ കിടങ്ങുകൾ വിവേക രഹിതമായി ഉണ്ടാക്കിയതും കാടിന്നു തുടർച്ചയില്ലാത്തതും വന്യജീവികളുടെ സ്വച്ഛമായ ജീവിതത്തെ അലോസരപ്പെടുത്തുന്നുണ്ട്.

6. പുതിയ പ്രൊജക്ടുകളും കെട്ടിടങ്ങളും മൂലം ആനകളുടെയും മറ്റും പരമ്പരാഗത സഞ്ചാര പഥങ്ങൾ ഛേദിക്കപ്പെട്ടിരിക്കുന്നു. ഇതു ആനകളുടെ സുഗമമായ സഞ്ചാരത്തെ തടസ്സപ്പെടുത്തുന്നു.

7. മനുഷ്യരുമായി ഉള്ള നിരന്തര സമ്പർക്കവും പലപ്പോഴുമുണ്ടാകുന്ന സംഘർഷവും വന്യജീവികളുടെ സ്വഭാവത്തിൽ വൻമാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ടൂറിസം ഇതിന് മറ്റൊരുകാരണമാണ്. ഇതുസംബന്ധിച്ച് യാതൊരു പഠനവും ഇന്നെവരെ നടന്നിട്ടില്ല.

8. വനപരിസരങ്ങളിലെ ജനവിഭാഗങ്ങളിൽ വന്ന സാമൂഹിക മാറ്റങ്ങളും കാണാതിരുന്നുകൂടാ. പഴയകാലത്ത് അത്താഴം കഴിച്ചു കുടുംബത്തിലെ ആണുങ്ങൾ ഏറുമാടങ്ങളിൽ ചെന്ന് കാവലിരുന്നു മൃഗങ്ങളിൽ നിന്നും വിളകൾ കാക്കുമായിരുന്നു അതിപ്പോൾ പൂർണ്ണമായും ഇല്ലാതായി യുവാക്കൾക്ക് കൃഷിയോട് വൈമുഖ്യം കൂടിയതും ഒരു കാരണമാണ്.

9. ഒരേ സംസ്ക്കാരവും ജീവിതായോധനരീതികളും മാത്രമല്ല കെട്ടുറപ്പുള്ള സാമൂഹിക ബന്ധവും ഉണ്ടായിരുന്ന, വനഗ്രാമങ്ങളിൽ താമസിച്ചിരുന്ന സമൂഹങ്ങൾക്ക് ഇന്നതെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. ആദിവാസി ഗോത്രങ്ങളിൽവരെ ഇതു പ്രകടമാണ്. പലനാടുകളിൽ നിന്ന് പല താൽപ്പര്യമുള്ളവർ ഈ ഗ്രാമങ്ങളിൽ വന്നതോടെ കൂട്ടായ പരിശ്രമങ്ങൾ ഇല്ലാതാവുകയും പല പാരമ്പര്യങ്ങളും പഴഞ്ചനെന്ന പേരിൽ ഉപേക്ഷിക്കപ്പെടുകയും ചെയ്തു. പഴയതുപോലെ സഹിഷ്ണുതയോടെ കാര്യങ്ങൾ കാണാനും ആളുകൾ തയ്യാറല്ല.

10. ഇക്കോ ടൂറിസമെന്ന പേരിൽ കാടിന്നകത്തേക്ക് അനിയന്ത്രിതമായി വാഹനങ്ങളിൽ സന്ദർശകർ കയറിച്ചെല്ലുന്നതും, കാടിന്നുള്ളിൽ ബഹളമുണ്ടാക്കുന്നതും വനാതിർത്തികളിൽ ഉയർന്നുവരുന്ന റിസോർട്ടുകളും മറ്റും ഉപ്പും മറ്റ് രാസവസ്തുക്കളും ഉപയോഗിക്കുന്നതും മൃഗങ്ങളുടെ സ്വഭാവങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഉൾക്കാടുകളിൽ സ്വാസ്ഥ്യം നഷ്ടപ്പെട്ട മൃഗങ്ങൾ ഗ്രാമങ്ങളിലേക്കിറങ്ങുന്നത് സ്വാഭാവികമാണ്.

11. വനാതിർത്തിക്കുള്ളിലെ കമ്പിവേലികൾകൊണ്ട് ഇപ്പോൾ ഒരു പ്രയോജനവും ആർക്കും ലഭിക്കുന്നില്ല. കമ്മീഷൻ മാത്രം മോഹിച്ച് ഗുണമേന്മയില്ലാത്ത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്നതുകൊണ്ട് വളരെ പെട്ടന്ന് ഇവ ഉപയോഗ ശൂന്യമാവുന്നു. കിടങ്ങുകൾ വർഷാവർഷം അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാൽ അവയും ഫലപ്രദമാകുന്നില്ല. ചുരുക്കത്തിൽ എല്ലാം ഒരു അനുഷ്ഠാനമായി അധഃപതിക്കുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

1. പ്രൊജക്ടുകൾ തയ്യാറാക്കുന്നത് വനപരിസരത്തുള്ള പ്രശ്നബാധിത സമൂഹങ്ങളുടെ പങ്കാളിത്തത്തോടെയോ പ്രാദേശിക ഭരണകൂടങ്ങളുടെ അറിവോടെയോ അവരുടെ ഇംഗിതത്തിനനുസരിച്ചോ അല്ല. ജനങ്ങളുടെ അറിവോടെയും സ്വന്തം പദ്ധതിയെന്ന വികാരത്തോടെയും പരിഹാര നടപടികൾ ഉണ്ടാവണം. മുകളിൽ നിന്ന് എല്ലാം ആസൂത്രണം ചെയ്യുന്ന ഇന്നത്തെ രീതി മാറ്റണം. ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തവും സഹകരണവും ഉണ്ടാകുന്ന അവസ്ഥ സംജാതമാക്കണം.

2. ആനക്കിടങ്ങുകൾ, വൈദ്യുത വേലികൾ, കന്മതിൽ എന്നിങ്ങനെ വ്യത്യസ്ഥ പ്രതിരോധ രീതികൾ ചർച്ചയിൽ ഉയർന്നുവന്നു. ഇവയൊന്നും പൂർണ്ണമായ പരിഹാരമായി അനുഭവപ്പെടുന്നില്ല. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കാക്കാതെയും, ഏതെല്ലാം രീതിയിലുള്ള ശല്യമാണ് അനുഭവപ്പെടുന്നതെന്ന് പഠിച്ച് വിലയിരുത്താതെയും ഉദ്യോഗസ്ഥരുടെയും, പലപ്പോഴും കരാറുകാരുടെ ഇംഗിത

ത്തിനനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതാണ് പരാജയ കാരണം. കിടങ്ങുകൾ വെള്ളം വാർന്നു പോകത്തക്ക രീതിയിൽ രൂപകൽപ്പന ചെയ്യാത്തതിനാൽ ഇടിഞ്ഞുപോകുന്നു. പാറകളും മറ്റും ഉള്ള പ്രദേശങ്ങളിൽ കൃത്യമായി നിർമ്മാണം നടക്കാത്തതുകൊണ്ട് കാര്യമായ പ്രയോജനം ഉണ്ടാകുന്നില്ല. ചതുപ്പുകൾ, കൊല്ലികൾ, തോട് മുതലായവയുള്ള ഭാഗങ്ങളിൽ കിടങ്ങുകൾ പ്രയോജനം ചെയ്യില്ല. വൻകിടതോട്ടങ്ങളിൽ ചെയ്യുന്നപോലെ ശക്തിയുള്ള കമ്പിക്കാലിൽ ഗുണമേന്മയുള്ള ഇരുമ്പ് വലകൾ കിടങ്ങിനു മുകളിലായി സ്ഥാപിക്കുന്നത് പന്നി, മാൻ തുടങ്ങിയ മൃഗങ്ങളെ അകറ്റുന്നതിന് പ്രയോജനകരമാണ്.

3. **സോളാർ ഫെൻസിംഗ്:** ഉപകരണങ്ങളുടെ ഗുണമേന്മ ഇല്ലായ്മ, യഥാസമയത്തുള്ള അറ്റകുറ്റപ്പണിയുടെയും ദൈനംദിനമുള്ള പരിചരണത്തിന്റെയും അഭാവം തുടങ്ങിയ കാരണങ്ങളാൽ ഇതു വൻ പരാജയമാണ്. ഇതിന് പരിഹാരമായി സംരക്ഷണവും അറ്റകുറ്റപ്പണിയും മാത്രമല്ല നിർമ്മാണവും കർഷക ഗ്രൂപ്പുകളെ ഏൽപ്പിക്കണം. അവർക്കതിനുള്ള പ്രതിഫലവും നൽകണം. അതോടൊപ്പം സ്വന്തം കൃഷി സ്ഥലം കമ്പിവേലിയോ കിടങ്ങോ നിർമ്മിച്ച് സംരക്ഷിക്കുന്ന കർഷകർക്ക് അതിന്റെ മുഴുവൻ ചെലവും നൽകാൻ വനംവകുപ്പു തയ്യാറാവണം. ഇവർക്ക് വാർഷിക അറ്റകുറ്റപ്പണികൾക്ക് സഹായവും നൽകണം. എന്നാൽ ഇത്തരക്കാർക്ക് കാർഷിക വിളനാശമുണ്ടായാൽ നഷ്ടപരിഹാരം നൽകേണ്ടതില്ല. കന്മതിൽ എല്ലായിടത്തും പ്രായോഗികമല്ല. എന്നാൽ റോഡരുകുകളിലും മറ്റും ഇതു ചെയ്യാവുന്നതാണ്.

4. വനത്തിനുള്ളിലെ ഗ്രാമങ്ങളിൽ നിന്നുമുള്ള മാറ്റിപ്പാർപ്പിക്കലും പുനരധിവാസവും വളരെ അടിയന്തിരമായും വേഗത്തിലും നടപ്പാക്കണം. വനയോരങ്ങളിലും വനത്തിനുള്ളിലുമുള്ളവർക്ക് വ്യത്യസ്ത പദ്ധതികൾ ഉണ്ടാവണം. മതിയായ നഷ്ടപരിഹാരം ഉറപ്പാക്കണം. നിലവിലുള്ള പദ്ധതിയുടെ ആകർഷണീയത വളരെ വേഗം കുറഞ്ഞു വരുന്നതിനാൽ യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതി ത്വരിതപ്പെടുത്തണം. കേന്ദ്ര സർക്കാരിന്റെ മാത്രം ഉത്തരവാദിത്തമല്ല പുനരധിവാസം. സംസ്ഥാന സർക്കാരും ഇതിന്നായി പണം വകയിരുത്തി നടപടികൾ സ്വീകരിക്കണം.

5. വനത്തിനകത്തുള്ള അനാവശ്യ ഇടപെടലുകളും നിർമ്മാണ പ്രവർത്തനങ്ങളും അതിരു കവിഞ്ഞ വനവിഭവ ശേഖരണവും അനിയന്ത്രിത ടൂറിസവും ഉടനടി അവസാനിപ്പിക്കണം. തേക്ക്, യൂക്കാലിപ്റ്റസ് തുടങ്ങിയ ഏകവിളത്തോട്ടങ്ങൾ മുറിച്ചുമാറ്റി, സ്വാഭാവിക വനം പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ ഉടൻ ഉണ്ടാകണം. ശോഷിച്ചുപോയ വനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ത്വരിതതപ്പെടുത്തണം. കാട്ടുതീ ജനപങ്കാളിത്തതോടെ തടയണം. ഇത്തരം വന സംരക്ഷണ പ്രവർത്തനങ്ങൾ തൊഴിലുറപ്പു പദ്ധതിയിൽ ഉൽപ്പെടുത്തി ചെയ്യുകയാണെങ്കിൽ വനത്തോടും ഉദ്യോഗസ്ഥരോടുമുള്ള ജനങ്ങളുടെ മനോഭാവത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകും.

6. പരമ്പരാഗത കാവൽ തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കണം. പല സ്ഥലത്തും പ്രയോജന രഹിതമായി ഉപയോഗിക്കുന്ന ഫണ്ട് കാവൽ ഏർപ്പെടുത്തുന്നതിനുള്ള സഹായമായി കർഷകർക്ക് നൽകണം. നഷ്ടപരിഹാരത്തുക നൽകുന്നതും വളർത്തു മൃഗങ്ങളുടെ നഷ്ടവും ഇതിലൂടെ ഒഴിവാക്കാവുന്നതാണ്.

7. വനംവകുപ്പും വനപരിസരത്തെയും വനത്തിനുള്ളിലെയും കർഷകരും തമ്മിലുള്ള ബന്ധം ഊഷ്മളവും സൗഹാർദ്ദപരവുമാക്കണം. അതിന്നായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. ബോധവൽക്കണം കർഷകർക്കു മാത്രമായി പരിമിതപ്പെടുത്താതെ വനംവകുപ്പുദ്യോഗസ്ഥർക്കും നൽകണം. അതിന്നായി ഫോറസ്ട്രി, വൈൽഡ് ലൈഫ് സയൻസ് തുടങ്ങിയ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികളുടെയും ഗവേഷകരുടെയും സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

8. വനത്തിന്റെ നിശ്ചിത അതിരുകൾക്കുള്ളിൽ താമസിക്കുന്നവരും ഏതെങ്കിലും വന്യജീവികളുടെ സാന്നിദ്ധ്യം ഉള്ളതുമായ കൃഷിഭൂമി കൈവശമുള്ളവർക്ക് വന്യജീവി സാന്ദ്രതയുടെയും, കൈവശമുള്ള ഭൂവിസ്തൃതിയുടെയും അടിസ്ഥാനത്തിൽ വാർഷിക ഗ്രാന്റ് അനുവദിക്കണം. ഇവർ അനുഭവിക്കുന്ന കഷ്ട നഷ്ടങ്ങൾക്കും മാനസിക വ്യഥകൾക്കും ജൈവവൈവിദ്ധ്യ സംരക്ഷണത്തിനുമുള്ള പ്രതിഫലമായിരിക്കണം നൽകുന്ന തുക.

9. വന്യജീവി ശല്യം നിമിത്തം പരമ്പരാഗതമായി ചെയ്തുവന്നിരുന്ന നെൽകൃഷി പലരും ഉപേക്ഷിച്ചിരിക്കുകയാണ്. നെൽകൃഷി നിർവ്വഹിക്കുന്ന പരിസ്ഥിതി ധർമ്മം കണക്കിലെടുത്ത് വൻ പ്രോത്സാഹനം പ്രഖ്യാപിക്കണം. വനംവകുപ്പ് വിള ഇൻഷൂർ ചെയ്യുകയും നഷ്ടപരിഹാരം നൽകുകയും വന്യജീവികളിൽ നിന്നുമുള്ള കാവലിന് പ്രതിഫലം നൽകുകയും ചെയ്യണം.

## സമാപനം

**ശിൽപശാലയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും ശിൽപശാലയുടെ പൊതുവികാരവും കണക്കിലെടുത്ത് ഈ റിപ്പോർട്ട്, കേന്ദ്ര വനംപരിസ്ഥിതി വകുപ്പ്, കേരളവനമന്ത്രി, വനംവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവർക്ക് സമർപ്പിക്കാനും പ്രശ്നപരിഹാരത്തിനായി അവരുടെ ഇടപെടൽ ആവശ്യപ്പെടാനും ഒരു കമ്മറ്റിയെ നിശ്ചയിക്കുകയും, കമ്മറ്റിയുടെ നേതൃത്വത്തിൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.**

**സ്നേഹത്തോടെ**
**വി.എം. ഹരിദാസ്**
**ചീഫ് കോ-ഓർഡിനേറ്റർ,**
**ഗ്രാമജ്യോതി ഫാർമേഴ്സ് ക്ലബ്ബ്, കല്ലൂർ**
**സുൽത്താൻ ബത്തേരി, വയനാട് 673592**

വയനാട്ടിൽ അതീവ രൂക്ഷമായിക്കൊണ്ടിരിക്കുന്ന വന്യജീവി-മനുഷ്യസംഘർഷത്തിന്റെ യഥാർത്ഥ കാരണങ്ങൾ എന്താണ്? ആരാണിതിനുത്തരവാദികൾ? എന്തൊക്കെയാണ് പ്രതിവിധികൾ? നിലവിലുള്ള പ്രതിരോധ പരിഹാര സംവിധാനങ്ങൾ ഫലപ്രദമാണോ? അല്ലെങ്കിൽ എന്താണ് ചെയ്യേണ്ടത്?

ഇക്കാരണങ്ങളെല്ലാം ശില്പശാലയിൽ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. തെക്കെ ഇന്ത്യയിൽ ഏറ്റവും അധികം സംഘർഷമുള്ള പ്രദേശമാണ് വയനാട് എന്നത് തന്നെ ചർച്ചയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. വന്യജീവി വിദഗ്ദ്ധരും സംഘർഷ മേഖലയിൽ നിന്നുള്ള കർഷകരും രാഷ്ട്രീയ - പരിസ്ഥിതി-ത്രിതല പഞ്ചായത്ത് പ്രവർത്തക അംഗങ്ങളും വനംവന്യജീവി വകുപ്പ് ഉദ്യോഗസ്ഥരുമാണ് ചർച്ചയിൽ പങ്കെടുത്തത്.

ബന്ധങ്ങൾക്ക് :9400461877

# പാറഖനനം തടയൂ, കർഷകരുടെ ജീവനും സ്വത്തിനും പരിസ്ഥിതിക്കും സംരക്ഷണം നൽകൂ....

പ്രിയ സുഹൃത്തുക്കളെ,

വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽപ്പെട്ട എടവക ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിൽ, കല്ലോടി ഒരപ്പ് റോഡിൽ പുളിഞ്ഞാമ്പറ്റ പ്രദേശത്ത് 20 വർഷമായി പ്രവർത്തിക്കുന്ന വൻകിട കരിങ്കൽ ക്വാറിയുടെ പ്രവർത്തനം നിരോധിക്കണമെന്നാവശ്യപ്പെട്ട് പ്രദേശവാസികൾ അക്രമരഹിത പ്രക്ഷോഭത്തിലേക്ക് നീങ്ങുന്നു. ഗ്രാമ സഭയുടെയും, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും, ജിയോളജി വകുപ്പിന്റെയും, റവന്യൂ വകുപ്പിന്റെയും നിലവിലുള്ള നിയമങ്ങൾ ലംഘിച്ചുകൊണ്ട് വ്യാജ റിപ്പോർട്ടുകളുടെയും വിവിധ തരത്തിലുള്ള സ്വാധീനത്തിന്റെയും പിൻബലത്തിലാണ് ശ്രീ.മുപ്പാട്ടിൽ ജോർജ്ജിന്റെ ഭാര്യയായ ശ്രീമതി.മുപ്പാട്ടിൽ റോസമ്മയുടെ കരിങ്കൽ ക്വാറിയുടെ പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്നത്. പ്രദേശവാസികളുടെ അനുമതിതേടാതെയാണ് ആദിവാസികളുടെയും ചെറുകിട കർഷകരുടെയും കൃഷിഭൂമിയ്ക്ക് നാശം വിതയ്ക്കുന്ന, അവരുടെ കുടിനീര് വറ്റിക്കുന്ന, വീടുകൾക്കും ആരോഗ്യത്തിനും ഭീഷണിയുയർത്തുന്ന പ്രസ്തുത ക്വാറി പ്രവർത്തിക്കുന്നത്.

ക്വാറി ഉടമയുടെ നിരന്തരമായ നിയമ ലംഘനങ്ങളിൽ ചിലത് താഴെ ചുരുക്കി പ്രതിപാദിക്കുന്നു.

1. പഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ക്വാറി ഉടമ പൂരിപ്പിച്ച് നൽകിയ ലൈസൻസിനുള്ള അപേക്ഷയിലെ 13-ാം കോളത്തിൽ പാറഖനനത്തിന് യന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് 'ഇല്ല' എന്ന ഉത്തരമാണ് നൽകിയിരിക്കുന്നതെങ്കിലും 3 ഹിറ്റാച്ചി, 2 ബ്രേക്കേഴ്സ്, 2 കംപ്രസർ, ജെ.സി.ബി, എന്നിവയൊക്കെ ഉപയോഗിച്ചാണ് പാറഖനനം നടത്തുന്നത്. (മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധനാ റിപ്പോർട്ടിലും ആധുനിക യന്ത്ര സാമഗ്രികൾ ഉപയോഗിക്കുന്ന കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്). ഏകദേശം 3 കോടിയോളം മുതൽ മുടക്കി നടത്തുന്ന ക്വാറിയുടെ അപേക്ഷയിൽ കാണിച്ചിരിക്കുന്ന മുതൽ മുടക്ക് 10ലക്ഷം രൂപ മാത്രമാണ്. ചെറുകിട ക്വാറിയുടെ ലൈസൻസിന്റെ മറവിൽ വൻ ക്വാറിയാണ് നടത്തുന്നത്. അതുപോലെ അപേക്ഷയിലെ 14-ാം കോളത്തിൽ ക്വാറിയുടെ എല്ലാ അതിരുകളും ക്വാറി ഉടമയുടേതാണെന്ന് കാണിച്ചിട്ടുണ്ടെങ്കിലും ഒരു അതിരിൽ ഫാ.ജോബി എന്നയാൾ ശ്രീ.ജെയിംസിന് രേഖാമൂലം എഴുതി കൊടുത്തിട്ടുള്ള സ്ഥലമാണ്.
2. പഞ്ചായത്തീരാജ് സിസ്റ്റം നടപ്പിലാക്കിയ കേരളത്തിൽ ഗ്രാമസഭയിൽ ചർച്ചചെയ്ത് പാസാക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് ക്വാറി ഉടമ അവിഹിത മാർഗ്ഗത്തിലൂടെ ക്വാറിക്കുള്ള അനുമതി സമ്പാദിച്ചിരിക്കുന്നത്.
3. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനയനുസരിച്ച് മണ്ണിന്റെ മുകൾ പരപ്പിലുള്ള പാറകൾ (exposed rocks)മാത്രമെ ഖനനം നടത്താൻ അനുമതിയുള്ളൂ. (Condition 3:3) എങ്കിലും 50 അടി താഴ്ചയിൽ മണ്ണ് മാറ്റി 100 അടിയോളം താഴ്ചയിലാണ് ക്വാറി ഉടമ ഖനനം നടത്തുന്നത്.
4. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനയനുസരിച്ച് (Condition 3:2) ക്വാറിയുടെ അതിരിൽ നിന്ന് സമീപത്തുള്ള വീടുകളിലേക്കുള്ള ദൂര പരിധി 100 മീറ്റർ ഉണ്ടായിരിക്കണമെന്ന് നിബന്ധനയുണ്ടെങ്കിലും 70 മീറ്ററിനുള്ളിൽ ഇപ്പോഴും വീടുകളുണ്ട്. ഈ നിയമത്തെ മറികടക്കാൻ ക്വാറി ഉടമ അടുത്തുള്ളവരുടെ കൃഷി ഭൂമികൾ കൂടുതൽ പണം വാഗ്ദാനം ചെയ്തും നിർബന്ധിച്ചും വാങ്ങിക്കൂട്ടിയെങ്കിലും ഇപ്പോഴും 5 വീടുകൾ 100 മീറ്റർ പരിധിക്കുള്ളിലുണ്ട്.
5. റവന്യൂ നിയമമനുസരിച്ച് (KLV Act) അന്യന്റെ സ്വകാര്യ ഭൂമിയിൽ നിന്നും 5 മീറ്റർ അകലം വിട്ടിട്ടേ ക്വാറിയ്ക്ക് വേണ്ടി മണ്ണ് മാറ്റാൻ അനുവാദമുള്ളൂവെങ്കിലും ഫാ.ജോബി എന്നയാളുടെ ഭൂമിയിൽ നിന്ന് ½ മീറ്റർ മാത്രം വിട്ട് കുത്തനെ താഴ്ത്തി മണ്ണ് മാറ്റിയാണ് ക്വാറി പ്രവർത്തനം നടത്തുന്നത്. അയൽവാസികളുടെ 1 ഏക്കർ 16 സെന്റ് ഉണ്ടായിരുന്ന സ്ഥലം ഇപ്പോൾ അളന്ന

പ്പോൾ 1 ഏക്കർ 10 സെന്റ്  മാത്രമെ ഉള്ളൂ എന്നും കണ്ടെത്താൻ സാധിച്ചിട്ടുണ്ട്.

6. നെൽ വയലുകൾ നികത്തുന്നത് കുറ്റകരമാണെന്ന നിയമം നിലനിൽക്കെ ആയിരക്കണക്കിന് ടൺ മണ്ണിട്ട് 4 ഏക്കറോളം നെൽ വയൽ ക്വാറി ഉടമ നികത്തിയിട്ടുണ്ട്. ഇതിന് ആർ.ഡി.ഒ. അനുമതി നൽകി എന്നതാണ് വിചിത്രം. കൂടാതെ 3 ഏക്കറോളം നെൽ വയൽ കൽചീളുകളും മണ്ണും പാറപ്പൊടിയും വീണ് കൃഷിയോഗ്യമല്ലാതായിട്ടുണ്ട്. ജൈവ വൈവിധ്യത്തിന്റെ കനത്ത നഷ്ടമാണ് ഈ ക്വാറി മൂലം ഉണ്ടായിട്ടുള്ളത്. മരത്തിന്റെ ഇലകൾ കൊഴിയുന്നു, കുളങ്ങളും കിണറുകളും വറ്റുന്നു, ഒരു കിണർ ഇതിനോടകം ഇടിഞ്ഞു വീണ് നശിച്ചിരിക്കുന്നു.

7. ആദിവാസി ഭൂമി വിലയ്ക്ക് വാങ്ങാൻ അനാദിവാസിക്ക് അനുമതി നിഷേധിക്കുന്ന നിയമം നിലനിൽക്കുമ്പോൾ നിർബന്ധിച്ചും പ്രലോഭിപ്പിച്ചും കുറിച്ച്യ സമുദായത്തിൽപ്പെട്ടവരുടെ സ്ഥലം വാങ്ങാനുള്ള ശ്രമങ്ങൾ ക്വാറി ഉടമ നടത്തുകയുണ്ടായി. മഴക്കാ ലത്ത് വെള്ളം കേറുന്ന ഒരു വെള്ളക്കുഴി പ്രദേശം കൊണ്ടുപോയി കാണിച്ചെങ്കിലും തങ്ങളുടെ ജൈവ സമ്പുഷ്ടമായ ഭൂമിയിൽ നിന്ന് എങ്ങോട്ടും മാറില്ല എന്നു കുറിച്ച്യ സമുദായം തീർച്ചപ്പെടുത്തിയിട്ടുണ്ട്. ആദിവാസി ഭൂമി സ്വന്തമാക്കാൻ സാധിക്കാതെ വന്നപ്പോൾ ക്വാറിയുടെ പ്രവർത്തനത്തിൽ പരാതിയില്ല എന്ന് എഴുതി ഒപ്പിട്ടുകൊടുക്കുന്നതിനായി ആദിവാസികളെ സമീപിച്ചെങ്കിലും ആ ഉദ്യമവും പരാജയപ്പെട്ടു.

8. പരാതി കൊടുത്ത് പാറ ഖനനം നിർത്തിയാൽ പ്രത്യാഘാതങ്ങളുണ്ടാകും, തല്ലും, കൊല്ലും, വഴി നടത്തില്ല എന്നൊക്കെയുള്ള ഭീഷണികളും പ്രദേശവാസികൾ അനുഭവിക്കേണ്ടിവരുന്നു. അയൽവാസിയായ ശ്രീ.ജോർജ്ജ് കേസ്സിനു പോയതിന്റെ പേരിൽ ജോർജ്ജിന്റെ മോട്ടോർ പമ്പിന്റെ പൈപ്പ് തല്ലിത്തകർക്കുകയും വെള്ളം കുടി മുട്ടിക്കുകയും ചെയ്തു. (ശ്രീ.ജോർജ്ജിന്റെ കിണർ ക്വാറി പ്രവർത്തനം മൂലം വെള്ളം വറ്റുകയും ഇടിയുകയും ചെയ്തപ്പോൾ മൂടേണ്ടി വന്നതിനാൽ ഒത്തു തീർപ്പു വ്യവസ്ഥയനുസരിച്ച് ക്വാറി ഉടമയുടെ കുളത്തിൽ നിന്ന് വെള്ളമെടുക്കാൻ അനുമതി കൊടുത്തിരുന്നു).

9. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിയമങ്ങൾ കാറ്റിൽ പറത്തികൊണ്ടു നടക്കുന്ന ഈ പാറഖനനം മൂലം അയൽവാസികൾക്ക് ശ്വാസം മുട്ടൽ, അലർജി മുതലായ ആരോഗ്യ പ്രശ്നങ്ങൾ  വ്യാപകമായിട്ടുണ്ട്. കൂടാതെ സ്ഫോടനം മൂലം വീടുകൾക്കും തൊഴുത്തുകൾക്കും വിള്ളലും മറ്റു  കേടുപാടുകളും സംഭവിച്ചിട്ടുണ്ട്. 3 വീടുകൾക്ക് മെയിൻ സ്ലാബു പൊട്ടിയതുമൂലം ചോർച്ചയുമുണ്ട്. ദിവസത്തിൽ 100 ഓളം സ്ഫോടനങ്ങൾ നടക്കുന്ന ഈ ക്വാറിയിൽ ഒരു സൈറൺ ഘടിപ്പിക്കുവാനുള്ള നിബന്ധന പോലും ക്വാറി ഉടമ പാലിച്ചിട്ടില്ല. ശബ്ദ മലിനീകരണം മൂലം കുട്ടികൾക്ക് പഠിക്കുന്നതിനും അസൗകര്യങ്ങളുണ്ട്.

ഈ നിയമലംഘനങ്ങൾക്ക് ആർ.ഡി.ഒ. ഉൾപ്പെട്ട ഉദ്യോഗസ്ഥ വൃന്ദവും ഗ്രാമപഞ്ചായത്തും മത രാഷ്ട്രീയ സംഘടനകളും കൂട്ടുനിൽക്കുകയാണ്. പാവപ്പെട്ട കർഷകന്റെ പേരു പറഞ്ഞ് ഗാഡ്ഗിൽ റിപ്പോർട്ടിനെ എതിർക്കുന്ന മത രാഷ്ട്രീയ അധികാരങ്ങൾ എന്തുകൊണ്ടാണ് വയനാട്ടിലെ ചെറുകിട കർഷകരെ നിരന്തരം അലട്ടികൊണ്ടിരിക്കുന്ന ഈ ക്വാറി പ്രശ്നത്തിൽ ഇടപെടുന്നില്ല? അവന്റെ ജീവനും സ്വത്തിനും പരിസ്ഥിതിയ്ക്കും സംരക്ഷണം നൽകുന്നില്ല? പഞ്ചായത്തീരാജ് ഭരണം നിലവിൽ വന്ന കേരളത്തിൽ പ്രാദേശിക തീരുമാനങ്ങളെടുക്കുന്നതിനുള്ള അധികാരം പ്രാദേശിക ജനതയിൽ നിക്ഷിപ്തമായിരിക്കെ എന്തുകൊണ്ട് അവരുടെ താല്പര്യങ്ങൾക്കു വിരുദ്ധമായി വയനാട്ടിൽ ക്വാറികൾ പ്രവർത്തിക്കുന്നു?

ജനങ്ങളുടെ അധികാരത്തിനു വേണ്ടിയുള്ള ഈ സമരത്തെ വിജയിപ്പിക്കാൻ താങ്കളുടെ സഹകരണം അഭ്യർത്ഥിച്ചുകൊണ്ട്.

പ്രദേശവാസികൾക്കു വേണ്ടി,

ആക്ഷൻ കൗൺസിൽ പ്രസിഡണ്ട്
ജയിംസ് കുന്നത്ത്

ആക്ഷൻ കൗൺസിൽ സെക്രട്ടറി
ജോർജ്ജ്. ടി. കെ.

21- 01- 2014
കല്ലോടി

Dr. Joby - 9447965344 - സമിതി പ്രവർത്തകൻ

**വയനാട് പ്രകൃതിസംരക്ഷണസമിതി**
**പി.ഒ സുൽത്താൻ ബത്തേരി വയനാട്**

## പേരിയ വനം വീണ്ടെടുത്ത വനംവകുപ്പിന് അഭിനന്ദനം

.............................................................................................

പശ്ചിമഘട്ടമലഞ്ചരുവിലെ അതീവ പരിസ്ഥിതി പ്രാധാന്യമുള്ളതും അനേകകോടി രൂപയുടെ മരങ്ങൾ തിങ്ങിനിൽക്കുന്നതുമായ പേരിയ വനഭൂമി കള്ളപ്രമാണങ്ങൾ ചമച്ച് ഉന്നത ഉദ്യോഗസ്ഥരുടെ സഹായത്തോടെ തട്ടിയെടുക്കാനുള്ള വനം മാഫിയയുടെ ആസൂത്രിത നീക്കം ഈ മാസം 12 നു കോഴിക്കോട് ഫോറസ്റ്റ് ട്രിബ്യൂണലിന്റെ ഉത്തരവിനെ തുടർന്ന് പരാജയപ്പെട്ടിരിക്കുകയാണ്.

വട്ടോളി പിലാക്കീഴ് മുപ്പിൽനായരുടെ 390.81 ഏക്കർ വനഭൂമി 1943 ൽ കണ്ണൂരിലെ എ.കെ.കാതർകുട്ടിക്ക് പാട്ടത്തിനു നൽകി. ഇതിൽ 100 ഏക്കർ കുട്ടിബി എന്നയാൾക്ക് മറുപാട്ടമായി കാതർ കുട്ടി നൽകി. ഇതിലെ 50 ഏക്കർ വനഭൂമിയിലാണ് അന്നത്തെ നോർത്ത് വയനാട് ഡി.എഫ്.ഒ, വയനാട് ജില്ലാ കളക്ടർ എന്നിവരുടെയും ചില ഉന്നത ഉദ്യോഗസ്ഥരുടെയും ഒത്താശയോടെ മരമുറി തുടങ്ങിയത്. പരിസ്ഥിതി പ്രവർത്തകർ ഇതിനെതിരെ രംഗത്തുവന്നു. വയനാട്ടിലെ ദൃശ്യ- പത്രമാധ്യങ്ങളിൽ തുടർച്ചയായി വാർത്തകൾ പ്രത്യക്ഷപ്പെട്ടു. ഇതോടെ വനം വകുപ്പു കേസ്സെടുത്തു. മുറിച്ച 43 വൻമരങ്ങൾ കണ്ടുകെട്ടി. വിശദമായ പരിശോധന യിൽ വനഭൂമിയാണെന്ന് സംശയരഹിതമായി തെളിഞ്ഞതിനെ തുടർന്ന് മരംലേലം നടത്തി 2 കോടി രൂപ കോടതിയിൽ കെട്ടിവച്ചു. തുടർന്ന് ഡി.എഫ്.ഒ-യും റേഞ്ച് ഓഫീസറും സസ്പെൻഷനില്ല തെറ്റുതിരുത്തൽ നോട്ടി ഫിക്കേഷനിലൂടെ വനം സർക്കാറിൽ നിക്ഷിപ്തമാക്കുകയും ചെയ്തു.

വനംവകുപ്പിനെതിരെ കേരള ഹൈക്കോടതിയിൽ നിരവധി കേസ്സുകൾ ഫയൽ ചെയ്യപ്പെട്ടു. 2006 ൽ ഹൈക്കോടതി വനം വകുപ്പിനെതിരെ വിധി പറഞ്ഞതിനെ തുടർന്ന് സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തു. സുപ്രീംകോടതി ഹൈക്കോടതി വിധി റദ്ദാക്കി കൊണ്ടും കക്ഷികളുടെ പരാതി ഫോറസ്റ്റ് ട്രിബ്യൂണലിൽ സമർപ്പിക്കാനാവശ്യപ്പെട്ടു കൊണ്ടും ഉത്തരവായി. കഴിഞ്ഞവർഷം കോഴിക്കോട് ഫോസ്റ്റ് ട്രിബ്യൂണലിൽ കക്ഷികൾ നൽകിയ പരാതി തള്ളിക്കൊണ്ടും വനഭൂമി നിക്ഷിപ്തമാക്കിയതിനെ ശരിവച്ചുകൊണ്ടും ഈ മാസം 12-ാം തീയതി വിധി പറഞ്ഞിരിക്കയാണ്.

വനഭൂമി വീണ്ടെടുത്ത് നിലനിർത്താനുള്ള സങ്കീർണ്ണമായ നിയമനടപടികൾക്ക് അക്ഷീണം പ്രയത്നിച്ച ഉത്തരമേഖലാ കൺസർവേറ്ററായിവിരമിച്ച ശശിധരൻ, നോർത്ത് വയനാട് ഡി.എഫ്.ഒ ഷാനവാസ്, റെയിഞ്ച് ഓഫീസർ രാധാകൃഷ്ണലാൽ എന്നിവരെ വയനാട് പ്രകൃതി സംരക്ഷണസമിതി അഭിനന്ദിച്ചു. നിരന്തരമായി വനം വകുപ്പിന്റെ കേസുകൾ തോറ്റു കൊണ്ടിരിക്കുമ്പോൾ വനസംരക്ഷണത്തിനായി ഈ ഉദ്യോഗസ്ഥർ നടത്തിയ പ്രവർത്തനങ്ങൾ സുധീരവും വിലമതിക്കാനാവത്തതുമാണ്.

സമിതിയോഗത്തിൽ എൻ.ബാദുഷ അദ്ധ്യക്ഷ വഹിച്ചു. സണ്ണിമരക്കടവ്, തച്ചമ്പത്ത് രാമകൃഷ്ണൻ, ബാബുമൈലമ്പാടി വി.എം.രാജൻ, തോമസ്സ് അമ്പലവയൽ, എ.വി.മനോജ്, ഹസ്സൻമാസ്റ്റർ എന്നിവർ പ്രസംഗിച്ചു.

എൻ.ബാദുഷ
പ്രസിഡന്റ്
വയനാട് പ്രകൃതിസംരക്ഷണസമിതി
Phone: 8547590222

കൽപ്പറ്റ
19.02.2014

ട്രെയിനിൽ കയറിയതും സന്ധ്യയുടെ ചെമ്പട്ടിലൂടെ തോട്ടങ്ങളും കുന്നിൻചെരിവുകളും

ചക്കയിനങ്ങളുടെ വർണ്ണനയും നാശമാത്രമെലിഞ്ഞിരുന്നു ജൈവവൈവിധ്യ സമ്പന്നമായ
വയനാടൻ കാടുകൾ വെട്ടിമാറ്റി തേയിലത്തോട്ടങ്ങൾ നട്ടുപിടിപ്പിച്ചതും വയനാടിന്റെ
ഉന്നതിക്കുതകുന്നതിന്റെ ഉദാഹരണമാണെന്ന് പാണ്ഡുരംഗ ഹെഗ്ഡെ
പറഞ്ഞു. ഇന്ത്യയിൽ ഹരിതവിപ്ലവം തുടങ്ങുമ്പോൾ 3000 നെല്ലിനങ്ങൾ
ഉണ്ടായിരുന്നത് ഇന്ന് പത്തായി ചുരുങ്ങിപ്പോയി ഹരിതവിപ്ലവത്തെപ്പോലെ
അതിനെയും ധവളവിപ്ലവം നമ്മുടെ നാടൻ കന്നുകാലി സമ്പത്തിനെ ഉന്മൂലനം ചെയ്തു
കൊണ്ടാണ് ഇന്ന് കാണുന്ന തരത്തിൽ കന്നുകാലികൾ വളരുന്നത്.
വാലെന്ന പേരിൽ ഇന്ന് ഇന്ത്യയിലെത്തുന്ന വെച്ചൂർപശുക്കൾക്ക് യാതൊരുവിധ
രോഗവും പോഷകക്കുറവും ഇല്ലാത്തതാണ്. എന്നാൽ നാടൻ പശുവിന്റെ
പാലിന് ഔഷധ ഗുണവും ഉണ്ടെന്ന് ശാസ്ത്രീയമായി
തെളിയിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ നാടൻ കന്നുകാലികളായ സഹിവാൾ, ഗീർ,
ഓംഗോൾ തുടങ്ങിയവയെ പാശ്ചാത്യർ കൊണ്ടുപോയി ബ്രസീലിലേക്ക്
മാറ്റിയപ്പോൾ ഇന്ന് അവിടെ പാലും ഇറച്ചിയും ഉല്പാദിപ്പിക്കുന്നുണ്ട്.
ബ്രസീലിന്റെ ക്ഷീരവ്യവസായത്തിന്റെ നട്ടെല്ല് തന്നെ ഇന്ത്യൻ കന്നുകാലികളാണ്.
എന്നാൽ അവയൊക്കെ വംശനാശത്തിലാണ് ഇപ്പോൾ ഇന്ത്യയിലാണ്
വെച്ചൂർ പശു സംരക്ഷണപ്രവർത്തനങ്ങൾ നടക്കുന്നതെന്നും പാണ്ഡുരംഗ പറഞ്ഞു.

വിദേശസമ്പത്തും വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന കന്നുകാലികളും നിറഞ്ഞിരിക്കുന്ന
പാണ്ഡുരംഗ പറഞ്ഞു. ഇന്ത്യയിൽ നിന്നും തേയിലകളെ കയറ്റുമതി ചെയ്യുന്നതുപോലെ
മാണ്. നാടൻ ഇനങ്ങളെക്കാൾ തേയിലത്തോട്ടങ്ങൾ പാവപ്പെട്ടവരുടെയും മറ്റുമാണ്
അദ്ധ്യക്ഷനായിരുന്ന നിലമ്പൂർ ഉള്ള ഭാഗത്തെ തോട്ടങ്ങളിൽ മിക്കവാറും കാണാതായ
വിദേശികൾ ഇവിടെത്തന്നെയുണ്ടെങ്കിൽ നാടൻ ഉല്പന്നങ്ങൾ ഇല്ലാതാകും.
ഇതുപോലെ തന്നെ രോഗത്തെ നാടൻ കന്നുകാലികൾ നശിപ്പിക്കുന്നുണ്ട്

കാലങ്ങളായി ജൈവ വൈവിധ്യ കേന്ദ്രമായിരുന്ന മാവ്, കാപ്പി, കുരുമുളക്, നെല്ല്
പറഞ്ഞു. നെൽവയലുകളുടെ നാശം വയനാട്ടിലെ നിരവധി ജൈവവൈവിധ്യങ്ങളെ
വംശനാശത്തിലേക്കെത്തിച്ചു. ആദിവാസികളുടെ പ്രത്യേക രീതിയിലുള്ള രോഗചികിത്സ
ഇന്നില്ല. മണ്ണിന്റെ ഫലഭൂയിഷ്ഠതയും ജൈവ ശാസ്ത്രപരമായ കാരണങ്ങൾ കൊണ്ട്
ഇല്ലാതാകുന്നു. ഇതിനൊക്കെ കാരണം ജൈവ വൈവിധ്യത്തിന്റെ
നാശം ലോകം നേരിടുന്ന വലിയ ഭീഷണിയാണെന്ന് ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടു.

വെച്ചൂർ പശുക്കളെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളെ കുറിച്ചും പ്രത്യേക
പരിഗണന നൽകി ഡോ. ശോശാമ്മ ഐപ്പ് വിശദീകരിച്ചു.